**അടിയന്തരപ്രമേയം**

സമ്പൂർണ്ണ മദ്യനിരോധന നയം

മി. ഡെപ്യൂട്ടി സ്പീക്കർ : അടച്ചിട്ട 418 ബാറുകൾക്ക് ബിയറും വൈനും വില്പന നടത്തുവാനുള്ള ലൈസൻസ് നൽകൽ, ഞായറാഴ്ചകളിലെ ഡ്രൈ ഡേ ഒഴിവാക്കൽ, മദ്യം വിളമ്പാൻ വ്യാപാരികൾക്ക് ലൈസൻസ് നൽകൽ, സൽക്കാരത്തിനായുള്ള പ്രതിദിന പെർമിറ്റ് തുടങ്ങിയ മുഖ്യമന്ത്രി പ്രഖ്യാപിച്ച പുതിയ തീരുമാനങ്ങളുടെ ഫലമായി സമ്പൂർണ്ണ മദ്യനിരോധനമെന്ന നയം അട്ടിമറിച്ച് സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം വ്യാപകമായി വർദ്ധിപ്പിക്കാനുള്ള നടപടികൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ എ. പ്രദീപ്കുമാർ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, നോട്ടീസിൽ ശ്രീ. എ. പ്രദീപ്കുമാർ ചൂണ്ടിക്കാണിച്ചതുപോലെ പുതുതായി ഒരു നയം ഇപ്പോൾ പ്രഖ്യാപിച്ചിട്ടില്ല. മന്ത്രിസഭയെ ചുമതലപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. മാത്രവുമല്ല ഈ നിയമസഭ തുടങ്ങിയ ദിവസം മുതൽ വകുപ്പുമന്ത്രിയെന്ന

നിലയിൽ ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അകത്തും പുറത്തും ആവർത്തിച്ച് പറഞ്ഞ ഒരു കാര്യം അടിസ്ഥാന നയങ്ങളിൽനിന്ന് യാതൊരുവിധ മാറ്റവും ഉണ്ടാവില്ല എന്നതാണ്. രണ്ടാമത്തെ കാര്യം ആഗസ്റ്റ് 21-ന് യു.ഡി.എഫ്. യോഗം മദ്യനയം പ്രഖ്യാപിക്കുകയും 22-ാം തീയതി ഉത്തരവിറക്കുകയും ചെയ്തു. അതിൽ ബിയർ-വൈൻ പാർലറെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. അത് ഓപ്പണായിരുന്നു. അതുസംബന്ധിച്ചാണ് മിനിഞ്ഞാന്ന് ഇവിടെ യു.ഡി.എഫ്. യോഗം ഗവൺമെന്റിനെ ചുമതലപ്പെടുത്തിട്ടുള്ളത്. മുഖ്യമന്ത്രി മിനിഞ്ഞാന്ന് നടത്തിയ പത്രസമ്മേളനത്തിലും അടിസ്ഥാന നയങ്ങളിൽ മാറ്റമില്ല എന്ന് വളരെ വ്യക്തമായി പറഞ്ഞിരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവന്ന മദ്യാസക്തി, അത് സമൂഹത്തിലുണ്ടാക്കുന്ന ഗുരുതരമായ പ്രത്യാഘാതം, പൊതുസമൂഹത്തിൽ നിന്നും ഉയർന്നുവന്ന ആവശ്യം ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് വീര്യം കൂടിയ മദ്യം ലഭ്യമാക്കാനുള്ള സാധ്യത കുറയ്ക്കാൻ ഞങ്ങൾ തീരുമാനിച്ചത്. ആ നയത്തിൽ യാതൊരു മാറ്റവുമില്ല. അതുകൊണ്ട് വ്യാപകമായി മദ്യം ഒഴുക്കാൻ പോകുന്നു എന്നുള്ള ആശങ്ക അടിസ്ഥാനരഹിതമാണ്. നിങ്ങളുടെ ഗതികേട് ഓർത്ത് എനിക്ക് ദു:ഖം തോന്നുന്നു. കാരണം ഈ വിഷയമില്ലെങ്കിൽ നിങ്ങൾ എന്ത് ചെയ്യുമായിരുന്നു? നിങ്ങൾക്ക് വേറെ വിഷയമില്ല. വിഷയ ദാരിദ്ര്യം നിങ്ങളെ ഒരുപാട് ബാധിച്ചിട്ടുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ ഞങ്ങളെക്കുറിച്ച് നോട്ടീസിൽ പറഞ്ഞത് 418 ബാർ ഹോട്ടലുകൾക്ക് ബിയറും വൈനും വില്പന നടത്താനുള്ള ലൈസൻസുകൾ നൽകും, ഞായറാഴ്ചകളിൽ ഡ്രൈ ഡേ ഒഴിവാക്കൽ അങ്ങനെ തുടങ്ങി വ്യാപകമായി മദ്യത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കാനുള്ള നടപടികൾക്ക് ഇടയാക്കുമെന്നാണ്. നമ്മുടെ നാട്ടിൽ പറയും യഥാർത്ഥ കള്ളൻ ആൾക്കൂട്ടത്തിലൂടെ കള്ളൻ കള്ളൻ എന്നു പറഞ്ഞ് കള്ളനെ പിടിക്കാൻ ഓടുമെന്ന്. യഥാർത്ഥത്തിൽ നിങ്ങളുടെ ഈ അടിയന്തരപ്രമേയത്തിന്റെ മറുപടിയായി എനിക്ക് അതാണ് പറയാനുള്ളത്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചപ്പോൾ പറഞ്ഞത് പുതിയതായി ഒരു നയമാറ്റവും പ്രഖ്യാപിച്ചിട്ടില്ലെന്നും അത് മന്ത്രിസഭ ചർച്ച ചെയ്യാനിരിക്കുന്നതേയുള്ളൂ എന്നുമാണ്. എന്നാൽ യു.ഡി.എഫ്-ന്റെ ഉന്നതാധികാര സമിതി യോഗം കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രലേഖകരെ കണ്ടപ്പോൾ യു.ഡി.എഫ്-ന്റെ മദ്യനയത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പ്രായോഗിക മാറ്റം സംബന്ധിച്ച് പറയുകയും വളരെ സമൂലമായ ചില മാറ്റങ്ങൾ അദ്ദേഹത്തിന്റെ പ്രതികരണങ്ങളിലൂടെ പുറത്തുവരികയും ചെയ്തു. അടച്ചുപൂട്ടിയ 418 ബാറുകൾക്ക് ബിയർ-വൈൻ ബാർ ലൈസൻസ് നൽകുക എന്നു പറയുന്നത് നിസ്സാരമായിട്ടുള്ള കാര്യമാണോ?

ഞായറാഴ്ചകളിലെ ഡ്രൈ ഡേ ഒഴിവാക്കുമെന്നത് നിങ്ങൾ പരിഗണിക്കുന്ന വിഷയമാണ്. അത് ഉൾപ്പെടെ പരിഹരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മദ്യവിതരണത്തിന് ഒരു ദിവസത്തെ പെർമിറ്റ് നൽകുന്ന പ്രശ്നം അതുപോലെ ഇവിടെ സാധാരണ കുടിക്കൽ മാത്രമല്ല കുടിച്ച് കൂത്താടുന്ന ഒരു വേദിയാണ് ക്ലബ്ബുകൾ. ആ ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകുന്ന നിലപാട് പരിഗണിക്കുന്ന കാര്യം നിങ്ങൾ പറഞ്ഞില്ലേ? ഇക്കാര്യങ്ങളിലൊക്കെ ബാറുടമകളുടെ ഭീഷണിക്കു വഴങ്ങി നിങ്ങൾ തീരുമാനമെടുക്കാൻ പോവുകയാണ്. നിങ്ങൾ പ്രഖ്യാപിച്ച മദ്യനയം പൂർണ്ണസ്വഭാവത്തിൽ സംരക്ഷിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ട് നിങ്ങൾ കോടതിയിൽ അപ്പീലിന് പോയ സമയമാണിത്. ആ സന്ദർഭത്തിൽ പരസ്യമായി ഇവിടെ പ്രായോഗികതയുടെ പേരിൽ ഈ നയവ്യതിയാനം നിങ്ങൾ പ്രഖ്യാപിക്കുകയാണ്. കൊട്ടിഘോഷിച്ച മദ്യനയം സംരക്ഷിക്കുന്നകാര്യത്തിൽ പിന്നെ എന്ത് ആത്മാർത്ഥതയാണുള്ളത്? ഇവിടെ നിങ്ങളുടെ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ വളരെ ആവേശത്തോടെ പുറത്തുപറഞ്ഞതും സഭയിൽ പറഞ്ഞതുമായ കാര്യം അടഞ്ഞുകിടക്കുന്ന 418 ബാറുകൾ തുറക്കില്ല, ഇപ്പോൾ പ്രവർത്തിക്കുന്ന 312 ബാറുകളും പൂട്ടും, ഞായറാഴ്ചകളിൽ മദ്യമില്ല, 52 ദിവസംകൂടി ഡ്രൈ ഡേ, ബിവറേജസിന്റെ ഔട്ട് ലെറ്റ് ഓരോ വർഷവും 10 ശതമാനം വീതം കുറയ്ക്കും, വീര്യം

കൂടിയ മദ്യം കുറയ്ക്കും, പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് മാത്രം ബാർ ലൈസൻസ്. അങ്ങനെ 10 വർഷംകൊണ്ട് ഘട്ടംഘട്ടമായി സംസ്ഥാനത്തെ മദ്യവിമുക്തമാക്കുമെന്ന് പ്രഖ്യാപിച്ചു. എന്നാൽ എൽ.ഡി.എഫിന് ഇക്കാര്യത്തിൽ വ്യക്തമായ നയമുണ്ട്. അത് മദ്യനിരോധനത്തിന്റെ നയമല്ല മറിച്ച് മദ്യവർജ്ജനത്തിന്റെയും മദ്യാസക്തിയിൽനിന്നും സമൂഹത്തെ രക്ഷിക്കാനുമുള്ള ശക്തമായ ബോധവത്ക്കരണത്തിന്റേയും നയമാണ്. എന്നിട്ടും ഞങ്ങൾ നിങ്ങളുടെ നയത്തെ എതിർത്തില്ല. പാകപ്പിഴകളുണ്ടെങ്കിലും അതിന്റെ ഭാഗമായി ഇത് കുറയുന്നുണ്ടെങ്കിൽ കുറയട്ടെ എന്ന ആത്മാർത്ഥത കൊണ്ടാണ് ഞങ്ങൾ എതിർക്കാതിരുന്നത്. നിരോധനം പരാജയപ്പെട്ട പല അനുഭവങ്ങളുമുണ്ട്. നിങ്ങൾ പ്രഖ്യാപിച്ച നയത്തിന്റെ ആത്മാർത്ഥതയെ ഞങ്ങളുൾപ്പെടെ പലരും അന്ന് സംശയിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ വച്ചുനോക്കുമ്പോൾ നിങ്ങൾ പ്രഖ്യാപിച്ച നയത്തിന്റെ, നിങ്ങളുടെ രാഷ്ട്രീയമായ കാപട്യത്തിന്റെ മുഖാവരണം ഇവിടെ ഉടുതുണി അഴിയുംപോലെ അഴിഞ്ഞുവീഴുകയാണ്. ഞാനൊന്ന് ചോദിക്കട്ടെ, കോൺഗ്രസ്സിന് എന്ത് ആത്മാർത്ഥതയാണുള്ളത്? കോൺഗ്രസ് ഒരു ദേശീയ പാർട്ടിയാണ്. അപ്പോൾ ഒരു ദേശീയ നയമുണ്ടാകണമല്ലോ? മദ്യനിരോധനത്തിന്റെ കാര്യത്തിലുള്ള നിങ്ങളുടെ

ദേശീയനയമെന്താണ്? ശ്രീമതി ഷീലാ ദീക്ഷിത് ഇവിടെ ഗവർണ്ണറായിരുന്നു. അവർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് 150-ൽപ്പരം ബാറുകൾ മാത്രമുണ്ടായിരുന്ന ഡൽഹിയിൽ അത് 1600-ലധികം ബാറുകളായി വർദ്ധിപ്പിച്ചു. മറ്റുപല സംസ്ഥാനങ്ങളിലും ഇതാണ് സമീപനം. നിങ്ങൾക്ക് ദേശീയമായി ഇത്തരം കാര്യങ്ങളിൽ സമീപനമില്ല. ഇവിടെ കേരളത്തിന്റെ കാര്യത്തിൽ മാത്രമാണ് ചർച്ചചെയ്യുന്നതെങ്കിൽ അത് ആത്മാർത്ഥമായിട്ടാണെങ്കിൽ ഈ മദ്യമെന്ന സാമൂഹ്യ വിപത്തിനെക്കുറിച്ച് സമഗ്രമായി പഠിച്ചാണോ നിങ്ങൾ ഈ നയം ആവിഷ്ക്കരിച്ചിട്ടുള്ളത്? ഇത് ഇവിടെ പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതിനാൽ ഞാൻ വിശദീകരിക്കുന്നില്ല.

സി.&എ.ജി. റിപ്പോർട്ടിൽ നമ്മുടെ ബാറുകളുടെ ക്വാളിറ്റി സംബന്ധിച്ചുവന്ന പരാമർശങ്ങൾ, പിന്നീട് കാര്യങ്ങൾ കോടതിയിലെത്തിയത്. സി.& എ.ജി. യുടെ റിപ്പോർട്ട് അനുസരിച്ച് ആദ്യവർഷം തന്നെ നിങ്ങൾക്ക് ലൈസൻസ് കൊടുക്കാതിരിക്കാമായിരുന്നു. പക്ഷേ നിങ്ങൾ ആദ്യം തന്നെ ലൈസൻസ് കൊടുത്തു. പിന്നീട് നിങ്ങൾ ചെയ്തതെന്താണ്? നിങ്ങൾ അഡ്വക്കേറ്റ് ജനറലിൽ നിന്നും ലീഗൽ അഡ്വൈസ് വാങ്ങിച്ചു. രണ്ട് ദിവസത്തിനുള്ളിൽ അഡ്വക്കേറ്റ് ജനറൽ തികച്ചും വ്യത്യസ്തമായ രീതിയിൽ രണ്ട് നിയമോപദേശം ലഭ്യമാക്കി. അത്

എങ്ങനെയുണ്ടായി? അത് നിയമവകുപ്പിന്റെ അനുമതിയില്ലാതെയാണ് ക്യാബിനറ്റിലേയ്ക്ക് കൊണ്ടുവന്നതെന്ന് പറഞ്ഞതും നമുക്കെല്ലാവർക്കുമറിയാം. ആ സാഹചര്യത്തിൽ വീണത് വിദ്യയാക്കുന്ന നിലപാട് നിങ്ങൾ സ്വീകരിച്ചു. നിങ്ങൾ 418 ബാറുകൾ പൂട്ടിയത് സമൂഹത്തെ മദ്യവിമുക്തമാക്കണമെന്ന ഉദ്ദേശത്തോടുകൂടിയല്ല. ബാർ ലൈസൻസ് പുതുക്കാതിരിക്കുമ്പോൾ, അടുത്ത് വരുന്നത് ലോക്സഭാ ഇലക്ഷനാണ് അപ്പോൾ വോട്ട് തട്ടാമെന്നും, പിന്നീട് ബാർ തുറക്കുമ്പോൾ അതിന്റെ പ്രതിഫലമായി കോഴ വാങ്ങാമെന്നുള്ള കുറുക്കൻ ബുദ്ധിയോടെ എക്സൈസ് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ആവിഷ്കരിച്ചിട്ടുള്ള ഒരു കുരുട്ടുവിദ്യയാണ് നിങ്ങൾ കൊട്ടിഘോഷിച്ച മദ്യനയം. കൂട്ടത്തിൽ കെ.പി.സി.സി. പ്രസിഡന്റായ ശ്രീ വി. എം. സുധീരനെ കടത്തിവെട്ടി പാർട്ടിയിലെ ഗ്രൂപ്പ് യുദ്ധത്തിൽ മേൽക്കോയ്മയുണ്ടാക്കാമെന്ന കാഴ്ചപ്പാടുമുണ്ട്. "അങ്കവും കാണാം താളിയുമൊടിക്കാം അങ്കത്തട്ടിലെ പെണ്ണിനേയും കാണാം" എന്ന സമീപനമാണ് യഥാർത്ഥത്തിൽ മദ്യനയത്തിന്റെ പിറകിലുള്ള താൽപ്പര്യം. ഇപ്പോൾ പൊളിഞ്ഞ് പാളിസായ മദ്യനയത്തിന്റെ ഉള്ളുകളി ജനങ്ങൾ മനസ്സിലാക്കാൻ തുടങ്ങി. അതോടെ നിങ്ങൾ ഇപ്പോൾ കോടതിയെ കുറ്റപ്പെടുത്തിക്കൊണ്ടാണ് വരുന്നത്. കോടതിയിൽ നിൽക്കാത്ത ഒരു നയം നിങ്ങൾ ആവിഷ്കരിച്ചു. നിങ്ങൾക്ക് അന്ന് ഡിഫൻസ്

ഉണ്ടാക്കാനായില്ല. കോടതിയുടെ ഒരുപാട് വിധികൾ നിങ്ങളുടെ മദ്യനയത്തിന്റെ പശ്ചാത്തലത്തിൽ ബാറുടമകൾക്ക് അനുകൂലമായി ഉണ്ടായി. ഞാൻ അത് വിശദീകരിക്കുന്നില്ല. ഒന്നുപറയാം, ഫോർ സ്റ്റാർ കാറ്റഗറിയുള്ള ബാറുകൾക്ക് ലൈസൻസ് കൊടുക്കുന്ന പ്രശ്നത്തിൽ കോടതിയിൽ വന്നപ്പോൾ അവർ പറഞ്ഞു. …. therefore it has to be held that there was absolutely no material before the Government for the classification that has been adopted of pecking out hotels having five star classification and above for the purpose of the preferential treatment of granting FL3 licences or bar licence. The said action therefore is held to be arbitrary and violative of Article 14 of the Constitution. ആർട്ടിക്കിൾ 14 എന്നുപറഞ്ഞാൽ, ഫണ്ടമെന്റൽ റൈറ്റ്സിലെ equality before law, നിയമത്തിനുമുന്നിലുള്ള തുല്യത നിഷേധിക്കുന്നതാണ് നിങ്ങളുടെ നയമെന്ന് കോടതി പറയുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ മദ്യനയം യുക്തിയില്ലാത്തതാണെന്നും മദ്യപാനം ഒരു സാമൂഹ്യവിപത്താണെങ്കിൽ സമ്പൂർണ്ണമദ്യനിരോധനമല്ലേ വേണ്ടത്? പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് മാത്രം ലൈസൻസ് കൊടുക്കുന്ന വിവേചനമെല്ലാം കോടതി രൂക്ഷമായി ചൂണ്ടിക്കാണിച്ച്, ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ ശിപാർശകൾ പരിഗണിച്ചില്ലെന്ന

വിമർശനമുണ്ടായി. കോടതിയിൽ ഇത്തരത്തിലുള്ള പ്രതികരണങ്ങൾ നിങ്ങൾ ആഗ്രഹിച്ചതും പ്രതീക്ഷിച്ചതുമല്ലേ? ബാറുടമകളുമായിട്ടുള്ള ഒത്തുകളിക്കിടയിൽ വൈദ്യൻ കല്പിച്ചതും പാല് രോഗി ഇച്ഛിച്ചതും പാല് എന്ന രീതിയിലുള്ള മനോഭാവത്തിലല്ലേ നിങ്ങൾ നിന്നത്? കോടതിയിൽ നിന്നും തുടരെത്തുടരെ ബാറുടമകൾക്ക് അനുകൂലമായ വിധിയുണ്ടായപ്പോൾ നിങ്ങളുടെ സർക്കാർ എന്തുചെയ്യുകയായിരുന്നു; ഫോർ സ്റ്റാർ കാറ്റഗറിയിൽ 22 ബാറുകളുടെ അപേക്ഷ പരിഗണിക്കണമെന്നും നേരത്തേ പൂട്ടിയ പത്ത് ബാറുകൾക്ക് ലൈസൻസ് നൽകണമെന്നും കോടതിയിൽ നിന്നും നിർദ്ദേശം വന്നു. ഈ വിധികളൊക്കെ വന്ന സമയത്ത് തുടരെത്തുടരെ നിങ്ങളുടെ വക്കീലന്മാർ ഗവൺമെന്റിനുവേണ്ടി തോറ്റുകൊടുക്കുകയാണുണ്ടായത്. എങ്ങനെയാണ് ഇത്തരം സാഹചര്യമുണ്ടായത്; ആരാണ് നിങ്ങൾക്ക് നിയമോപദേശം തരുന്നത്; ആരെയാണ് നിങ്ങൾ ബാറുടമകൾക്കെതിരായുള്ള കേസ് ഫൈറ്റ് ചെയ്യാൻ കോടതിയിലേയ്ക്ക് വിട്ടത്; ബാർ കോഴക്കേസിലെ പ്രതിക്ക് വീട്ടിൽ ചെന്ന് നിയമോപദേശം കൊടുക്കുന്ന അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസും അഡ്വക്കേറ്റ് ജനറലുമല്ലേ ബാറുടമകൾക്കെതിരായി കേസ് ഫൈറ്റ് ചെയ്യാൻ നിങ്ങൾ വിട്ടത്? പിന്നെ എങ്ങനെയാണ് ബാറുടമകൾക്ക് അനുകൂലമായ വിധി ഇല്ലാതിരിക്കുക. ഇവിടെ ഈ പ്രശ്നം വന്നപ്പോൾ കോടതിയെ

കുരിശിൽ തറയ്ക്കാനാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി തയ്യാറാകുന്നത്, അത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. എന്തൊക്കെയാണ് അദ്ദേഹം പറഞ്ഞത് "സർക്കാർ നയത്തിൽ കോടതിയുടെ ഇടപെടൽ ശരിയല്ല. - മന്ത്രി ബാബു" പത്രത്തിന്റെ തലക്കെട്ടാണ് ഞാൻ വായിച്ചത്. "മദ്യനയം തള്ളിയാൽ സുപ്രീംകോടതിയിലേയ്ക്ക് - മന്ത്രി ബാബു" നാം ഈ പ്രസ്താവനകൾ വായിച്ച് പുളകം കൊണ്ടു. എന്താണ് സംഭവിച്ചത് ? മന്ത്രി ബാബുവിന്റെ കൊമ്പുകുലുക്കലുകൾ ധാരാളം നമ്മളിവിടെ കണ്ടു. സുപ്രീംകോടതിയിൽ കേസെത്തിയപ്പോൾ എന്താണുണ്ടായത്; ബാറുകൾക്കും ബാർ ഉടമകൾക്കും വേണ്ടി ഈ മാഫിയാ സംഘത്തിനുംവേണ്ടി അഡ്വ രാംജെത് മലാനി, ഫാലി എസ്. നരിമാൻ, രാജീവ് ധവാൻ, ആര്യമാ സുന്ദരം തുടങ്ങിയ ഇന്ത്യയിലെ പ്രഗത്ഭരായ അഭിഭാഷകർ അണിനിരന്നപ്പോൾ, നമ്മുടെ ഗവൺമെന്റിനുവേണ്ടി ഏതോ പാറവക്കീൽ അവിടെ ഹാജരായി. നിങ്ങൾ ഇവിടുത്തെ ബാറുടമകളുമായി ഒത്തുക്കളിക്കുന്നതാണ്. നിങ്ങളുടെ ആത്മാർത്ഥയെ ഞാൻ ചോദ്യം ചെയ്യുന്നു. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി, ദേശീയ പാതയോരത്തെ ബിവറേജസ് ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യണം. ആക്സിഡന്റാണ് ഇതിന് കാരണം. ഇതുസംബന്ധിച്ച് ഹൈക്കോടതി ഉത്തരവുണ്ടായപ്പോൾ ആത്മാർത്ഥതയുണ്ടെങ്കിൽ അതൊരു

അവസരമായി എടുത്ത് നിങ്ങളത് റീപ്ലേസ് ചെയ്യണ്ടേ; നിങ്ങൾ എന്തു ചെയ്തു; അതിനെതിരെ കോടതിയിൽ പോയി. ബിവറേജസ് ഔട്ട്ലെറ്റുകൾ അവിടെത്തന്നെ നിലനിർത്താനും വണ്ടിയോടിച്ചു പോകുന്നവർക്ക് പാതയോരത്തു നിന്നും മദ്യം ലഭിക്കാനും സൗകര്യമുണ്ടാക്കാനും തീരുമാനിച്ചു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയേണ്ട കാര്യങ്ങളുണ്ട്. മദ്യനയത്തിൽ പ്രായോഗിക സമീപനം സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ആവർത്തിച്ച് പറയുന്നു. എന്തുകൊണ്ടാണ് ഇപ്പോൾ ഒരു പ്രായോഗിക സമീപനം അങ്ങ് പ്രഖ്യാപിച്ചത്? അപ്രായോഗികമായ ഒരു നയമാണെന്ന് പ്രഖ്യാപിച്ചതെന്ന് ഇപ്പോഴെങ്കിലും സമ്മതിക്കുന്നുണ്ടോ; അങ്ങ് അതിനോടൊപ്പം പറഞ്ഞു കോടതിയുടെ വിമർശനങ്ങൾ പരിഗണിക്കും. നേരത്തേ ഞാൻ സൂചിപ്പിച്ച സുപ്രീംകോടതിയും, ഹൈക്കോടതിയുടേയുമുൾപ്പെടെയുള്ള വിമർശനങ്ങളെല്ലാം, നിങ്ങളുടെ നയം ഫണ്ടമെന്റൽ റൈറ്റ്സിന് എതിരാണെന്നുള്ള കാര്യങ്ങൾ, അത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? ആ വിമർശനം ഒക്ടോബർ മാസത്തിലും അതിനുമുമ്പും വന്നു. നിങ്ങൾ എപ്പോഴാണ് കോടതി വിമർശനങ്ങളെക്കുറിച്ച് വ്യാകുലപ്പെട്ടത്. ഈ ബാർ കോഴ ആരോപണം വന്നതിനുശേഷം. നവംബർ 1 കേരളപിറവി ദിനത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കെതിരെ ആരോപണമുയർന്നതിനു

ശേഷമാണ് നിങ്ങൾക്ക് കോടതി വിമർശനത്തെക്കുറിച്ച് വേവലാതിയുണ്ടായത്. ടൂറിസം-തൊഴിൽ മേഖലകളിൽ മദ്യനയം സൃഷ്ടിച്ചിട്ടുള്ള ഫലം പഠിക്കും എന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഒരു പഠനവും നടത്താതെയാണ് ഈ നയം ആവിഷ്ക്കരിച്ചതെന്ന് ഈ പശ്ചാത്തലത്തിൽ സമ്മതിക്കുമോ? പുതിയൊരു നയം/പദ്ധതി ആവിഷ്ക്കരിക്കുന്നതിന് മുമ്പാണ് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തേണ്ടത്. ഇവിടെ എന്ത് പഠനമാണ് നിങ്ങൾ നടത്തിയത്? ഈ നയം ആവിഷ്ക്കരിക്കാൻ ആധാരമായ എന്തുപഠനമാണ് നിങ്ങൾ നടത്തിയിട്ടുള്ളത്; അങ്ങനെയൊരു പഠന റിപ്പോർട്ടുണ്ടെങ്കിൽ അങ്ങ് ഈ സഭയിൽ വയ്ക്കുമോ? കേരളത്തെ മദ്യവിമുക്തമാക്കലല്ല നിങ്ങളുടെ അജണ്ട. ഇക്കാര്യത്തിൽ ആത്മാർത്ഥയുണ്ടായിരുന്നെങ്കിൽ നിങ്ങൾ ഈ നയത്തിന് പ്രായോഗികമായ.... ബാറുടമകളുടെ സമ്മർദ്ദത്തിനും സ്വാധീനത്തിനും കീഴ്പ്പെടാതെ ഒരു നിലപാട് സ്വീകരിക്കുമായിരുന്നു. ആളുകൾ ആശങ്കപ്പെടുന്ന, ടൂറിസം-തൊഴിൽമേഖലകളെ ബാധിക്കാത്ത ഒരു നിർദ്ദേശം, ഈ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഇവിടെ ചർച്ച ചെയ്യാൻ തയ്യാറാകുമോയെന്ന് ഞങ്ങൾക്കറിയണം. നിങ്ങൾ പറഞ്ഞത്, മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ പ്രതിവർഷം 10 ശതമാനം വീതം ബിവറേജസ് ഔട്ട്ലെറ്റുകൾ കുറയ്ക്കുമെന്നാണ്. അങ്ങനെ വർഷം തോറും കുറയ്ക്കുമ്പോൾ

തൊഴിൽപ്രശ്നമുണ്ടാകും. ശരിയാണ് അവിടുത്തെ തൊഴിലാളികളുടെ കാര്യം. ഞാനൊരു നിർദ്ദേശം പറയട്ടെ, അതിനുപകരം മദ്യത്തിന്റെ ആകെയുള്ള വിതരണം കുറയ്ക്കുക. അങ്ങനെയൊരുകാര്യം നിങ്ങളെന്തുകൊണ്ട് ഇതുവരെ ആലോചിച്ചില്ല ? ഭരണപക്ഷവും പ്രതിപക്ഷവുമായി സർവ്വകക്ഷിയോഗം ചേരുമ്പോൾ ഈ നയം പ്രതിപക്ഷവുമായി ഇന്നുവരെ ചർച്ച ചെയ്തിട്ടില്ലല്ലോ. റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുന്നതുപ്പോലെ മദ്യത്തിന്റെ സപ്ലൈയും കുറയ്ക്കാൻ പറ്റുമോ? നിങ്ങൾക്ക് നല്ല പരിചയമുള്ള കാര്യമാണല്ലോ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുന്നത്. മദ്യലഭ്യതയ്ക്ക് റേഷനിംഗ് സിസ്റ്റം കൊണ്ടുവരാൻ നിങ്ങൾ തയ്യാറാണോ? ഒന്നരലക്ഷം ടൺ അരി വെട്ടിക്കുറച്ചതുപ്പോലെ ബിവറേജസ് ഔട്ട്ലെറ്റുകളിലൂടെയുള്ള മദ്യത്തിന്റെ സപ്ലൈ കുറയ്ക്കുക. ഔട്ട്ലെറ്റ് അടച്ചിട്ട് ആളുകളുടെ തൊഴിൽ നഷ്ടപ്പെടുന്ന പ്രശ്നമില്ല. ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ളത് കിട്ടും. ഇവിടെ ബിവറേജസ് കോർപ്പറേഷന് മാത്രമല്ല ഫൈവ് സ്റ്റാർ ഹോട്ടലുകളിലെ എല്ലാ ബാറുകൾക്കും സർക്കാർ വഴി മാത്രം സപ്ലൈ, അതിന് ചിലപ്പോൾ നിയമനിർമ്മാണം വേണ്ടിവരും. ഇത് സംബന്ധിച്ച് ആലോചിക്കാമോ? ഒരാൾക്ക് ആഴ്ചയിൽ ഒരു കുപ്പികൊടുക്കുക. അപ്പോൾ മദ്യപിച്ചില്ലെങ്കിൽ കൈ വിറയ്ക്കുന്ന ആളുകളുടെ പ്രശ്നം പരിഹരിക്കും. റേഷനിംഗ് സിസ്റ്റം കൊണ്ടുവന്നാൽ കെയ്സ് കണക്കിന് മദ്യം കിട്ടില്ല. അങ്ങനെയായാൽ

വിവാഹ വീട്ടുകളിൽ സൽക്കാരം നടക്കുന്നത് ഒഴിവാകും. പുതിയ തലമുറ മദ്യപാനത്തിലേയ്ക്ക് വരുന്നത് വിവാഹവീടുകളിലെ മദ്യസൽക്കാരത്തിന്റെ ഭാഗമായിട്ടാണ്. മദ്യത്തിന്റെ വിതരണത്തിന് കാർഡ് സിസ്റ്റം കൊണ്ടുവരാം, ഗൃഹനാഥന്റെ പേരിൽ, അപ്പോൾ കുട്ടികൾ മദ്യം വാങ്ങി ഉപയോഗിക്കില്ല. ഗൃഹനാഥന് ശ്രദ്ധിക്കാനാകും. ഇക്കാര്യങ്ങളിൽ ആത്മാർത്ഥമായ സമീപനമുണ്ടെങ്കിൽ, ഈ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി, ടൂറിസം-തൊഴിൽമേഖലകളെ ബാധിക്കാതെ, പടിപടിയായി മദ്യത്തിന്റെ ലഭ്യത കുറച്ച്, സമ്പൂർണ്ണ മദ്യനിരോധനത്തിലെത്തിക്കാം. നമുക്കെന്തുകൊണ്ട് ഇത്തരം കാര്യം ചർച്ച ചെയ്തുകൂടാ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ......യെസ്.......യെസ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: രണ്ട് കാര്യങ്ങൾ കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

പ്രായോഗികതയുടെ പേരിലാണ് ഇപ്പോൾ നിങ്ങൾ നയമാറ്റം പറയുന്നത്. യഥാർത്ഥത്തിൽ എന്ത് പ്രായോഗികതയാണ്; ഈ സർക്കാരിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട പ്രായോഗിക സമീപനം ആണെന്ന് പറയുന്നതാണ് ശരി. അങ്ങനെ പറയണം. എന്നുമുതലാണ് ഇത് പ്രായോഗികമായത്; ഈ കോഴയ്ക്കുശേഷം, കെ.എം.

മാണി സാറിന് എതിരെ ഉയർന്നുവന്ന കോഴ ആരോപണത്തിനുശേഷമാണ്. അതുപോലെ തന്നെ കോടതി വിമർശനം വളരെ നേരത്തേ ഉണ്ടായി. കോടതിയുടെ വിമർശനങ്ങൾ അങ്ങ് പരിഗണിക്കുമെന്ന് പറയുന്നതുപോലും ഇപ്പോഴാണ്. അതുകൊണ്ട് നമ്മൾ ഇതിന്റെ പശ്ചാത്തലമായി ചിലത് കാണണം. ബാർ ഉടമകളുടെ യോഗം ചേർന്നില്ലേ; വീഡിയോ എല്ലാ ചാനലുകളും സംപ്രേക്ഷണം ചെയ്തു. 20 കോടി പിരിച്ച് നൽകി എന്ന് പറഞ്ഞു. ഈ സർക്കാരിനെ ഒടിയ്ക്കണോ, വളയ്ക്കണോ എന്ന് ബിജു രമേശ് പറയുകയാണ്. ആയുധം കയ്യിലുണ്ട് എന്തുവേണമെങ്കിലും ചെയ്യാം എന്നുപറയുന്നു. നിങ്ങൾ ആലോചിക്കണം. നിങ്ങളെ ഒടിക്കാനും വളയ്ക്കാനുമുള്ള ആയുധം കയ്യിലുണ്ടെന്ന് ബിജു രമേശ് പറഞ്ഞു. കെ.എം. മാണി സാർ ചോദിച്ചത് അഞ്ചുകോടിയെന്നും വാങ്ങിയത് ഒരു കോടിരൂപയെന്നും ഇത് ആരോപണമാണ്. ആ ആരോപണങ്ങൾ കൊണ്ടുവന്നു. അതോടൊപ്പം തന്നെ ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് പറഞ്ഞു 15 കോടി രൂപ അദ്ദേഹത്തിന് കൊടുത്തു. ബാക്കി 14 കോടിരൂപ എവിടെപ്പോയി; ഏതായാലും എൽ.ഡി.എഫ്-ന് തന്നിട്ടില്ല. കാരണം ഞങ്ങൾക്ക് ഇതിന്റെ ലൈസൻസ് കൊടുക്കാൻ പറ്റില്ലല്ലോ; ഒരു കാര്യ പറയാം. ചീഫ് വിപ്പ് വ്യക്തമാക്കണം. അദ്ദേഹത്തെ കാണുന്നില്ല. നിയമ വകുപ്പ് അറിയാതെ ബാർ ലൈസൻസ് പുതുക്കിക്കൊടുക്കാൻ എ.ജി.യോട് നിയമോപദേശം

തേടിയ കൈകളിലേക്ക് പോയി. ബാക്കി 14 കോടിരൂപയോ അല്ലെങ്കിൽ 19 കോടിരൂപയോ എന്ന് കാണേണ്ടതായിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...കൺക്ലൂഡ്....

ശ്രീ. എ. പ്രദീപ് കുമാർ: ഞാൻ അവസാനിപ്പിക്കുന്നു. ഇവിടെ പ്രായോഗികമായ സമീപനം സ്വീകരിച്ച് നയം മാറ്റിയില്ലായെങ്കിൽ സംഭവിക്കാൻ പോകുന്നത്...ബിജു രമേശ് പറഞ്ഞു. ഈ 20-ാം തീയതിക്ക് ശേഷം ഞങ്ങൾ വിജിലൻസിനും കോടതിയിലും മൊഴി കൊടുക്കും. അപ്പോൾ അവരുടെ മൊഴി വന്നുകഴിഞ്ഞാൽ ഒരുകോടി രൂപ വാങ്ങിയ ധനകാര്യവകുപ്പുമന്ത്രി അഴിയെണ്ണുക മാത്രമല്ല ഇവിടെ ബാക്കി 14 കോടിരൂപയും മുക്കിയ നിയമ വകുപ്പിനെ മറികടന്ന് നിയമോപദേശം സമ്പാദിച്ച വിദഗ്ധന്മാരും അഴിയെണ്ണുന്ന സാഹചര്യമുണ്ടാകും. അതോടെ സർക്കാർ നിലംപൊത്തും. മദ്യനയത്തിന്റെ കാര്യത്തിൽ സോഡ മാത്രം ചേർത്താൽ പോരാ. നല്ലവണ്ണം വെള്ളവും കൂടെ ചേർക്കേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. അതാണ് നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ പറയട്ടെ, ബാർ ഉടമകളുടെ ബന്ദിയാണ് ഈ സർക്കാർ. അവരുടെ പാദാരവിന്ദങ്ങളിൽ കമിഴ്ന്നുവീണ് അവരുടെ കനിവിന് കാത്തുകിടക്കുകയാണ് ഈ സർക്കാർ. ആത്മരക്ഷാർത്ഥം ഇവർ ഈ നാടിനെ വിൽക്കുകയാണ്. അത് വളരെ

ഗൗരവമുള്ളതാണ്. ഇവിടെ ഞാൻ ഒരു കാര്യം പറയാം. കെ.പി.സി.സി. പ്രസിഡന്റൊന്നും രക്ഷകനായി എത്തുകയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ....16 മിനിട്ടായി.

ശ്രീ. എ. പ്രദീപ് കുമാർ: അദ്ദേഹം ഇപ്പോൾ.....ഞാൻ അവസാനിപ്പിക്കാം. കെ.പി.സി.സി. പ്രസിഡന്റ് രക്ഷകനായി എത്തില്ല. ഞാൻ പറയുന്നു, അദ്ദേഹം വടക്കുനിന്ന് തെക്കോട്ടേക്ക് ജനപക്ഷയാത്ര നയിച്ചുവന്ന് സമാപിച്ചതേയുള്ളൂ. ഇപ്പോൾ അദ്ദേഹം ഇന്നലത്തെ യു.ഡി.എഫ്. ഉന്നതാധികാര സമിതി യോഗത്തിനുശേഷം തെക്കുനിന്ന് വടക്കോട്ട് യാത്രയാരംഭിച്ചു. പിരിച്ചതെല്ലാം തിരിച്ചുകൊടുത്തുകൊണ്ട് കാസർഗോഡ് എത്തിക്കഴിഞ്ഞാൽ അവിടെ നിന്ന് കൊങ്കൺ വഴി കാശിയിലേക്ക് പോകാം. അതല്ലാതെ കെ.പി.സി.സി. പ്രസിഡന്റിന് യാതൊരു മാർഗ്ഗവുമില്ല. മുസ്ലീം ലിഗിന്റെ നിലപാടിനെ സംബന്ധിച്ച് ഞങ്ങൾക്ക് കേൾക്കേണ്ടതുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ....പ്ലീസ്..കൺക്ലൂഡ്.

ശ്രീ. എ. പ്രദീപ് കുമാർ: അഞ്ചാം മന്ത്രി സ്ഥാനത്തിനുവേണ്ടി നിങ്ങൾ നടത്തിയ വീറോടെയുള്ള പോരാട്ടമില്ലേ; എന്തുകൊണ്ടാണ് മദ്യനയത്തിൽ വെള്ളം ചേർക്കുന്നതിനെതിരായി ആ നിലപാട് സ്വീകരിക്കാത്തത് എന്നുപറയണം?

മന്ത്രിസഭയിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുമെന്ന് അങ്ങ് പറയുന്നു. മന്ത്രിസഭയിൽ അത് സാദ്ധ്യമല്ലെന്ന് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. അങ്ങേയ്ക്കത് അറിയില്ലേ;.....(ബഹളം).....ശ്രീ. വിഡി. സതീശൻ.....നിങ്ങളല്ല സമയം നിശ്ചയിക്കേണ്ടത്. അത് ചെയറാണ് പറയേണ്ടത്. നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാകും. നിങ്ങൾക്കെല്ലാം അസ്വസ്ഥയുണ്ടാകും. നിങ്ങൾ എന്താ ചെയർ ആണോ? ചെയർ പറയട്ടെ. അങ്ങനെ ശരിയല്ല. അങ്ങ് സംസാരിക്കുമ്പോൾ ഞങ്ങൾ ഇടപെടാറുണ്ടോ; അങ്ങ് സംസാരിക്കുമ്പോൾ ഞങ്ങൾ ഇടപെടാറില്ല. ..... (ബഹളം).... ഇതിൽ വിട്ടുവീഴ്ച ചെയ്യാൻ അനുവദിക്കില്ല എന്ന് ലീഗിന്റെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞു. ലീഗിന്റെ പാർലമെന്ററി പാർട്ടിയുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കാനും അത് അറിയാനും ഞങ്ങൾക്ക് താൽപ്പര്യമുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ..അങ്ങ് മറുപടി പറയാൻ എഴുന്നേൽക്കു....

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ഇവിടെ ഒരു പ്രശ്നമേയുള്ളൂ. നമ്മുടെ നാടിലെ മുഴുവൻ ജനങ്ങളെയും നിങ്ങൾ ഈ മദ്യനയത്തിന്റെ പേരിൽ....(മൈക്ക് ഓഫ്)......ഉപാധി മാത്രമാണ്. നിങ്ങൾക്ക് നിരക്കാത്ത...നിങ്ങൾക്ക് വോട്ട് വേണം, പണം വേണം. കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതിനെതിരായി ബാറുകാരുടെ പണവും വേണം,

വോട്ടും വേണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഒരിക്കൽ പറഞ്ഞു. അത് ശരിയാണ്......(മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ എഴുന്നേറ്റുകഴിഞ്ഞാൽ മൈക്ക് കിട്ടുകയില്ല. അറിയാമല്ലോ?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട എ. പ്രദീപ്കുമാർ നോട്ടീസ് നൽകിയപ്പോൾ പറഞ്ഞ ഒരു കാര്യം സമ്പൂർണ്ണ മദ്യനിരോധന സർക്കാർ നയം അട്ടിമറിച്ച് സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം വ്യാപകമായി വർദ്ധിപ്പിക്കാനുള്ള നടപടി ഉളവാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമെന്നാണ്. എന്നാൽ യഥാർത്ഥത്തിൽ ശ്രീ. പ്രദീപ് കുമാർ പറഞ്ഞത് പെർമിറ്റ് കൊടുക്കണമെന്നാണ്. ആളുകൾക്ക് പെർമിറ്റ് കൊടുക്കണമെന്നാണ് പറഞ്ഞത്. ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞ ഒരു കാര്യം റേഷൻകാർഡുപോലെ പെർമിറ്റ് കൊടുത്ത് മദ്യം കൊടുക്കണമെന്നാണ്. മനസ്സിലായല്ലോ; അപ്പോൾ പ്രദീപിന്റെ ഇക്കാര്യത്തിലുള്ള ആത്മാർത്ഥത എത്രത്തോളമുണ്ടെന്ന് നിങ്ങൾ തന്നെ വിലയിരുത്തിയാൽ മതി. ഞങ്ങളുടെ നയം പറയാം. ഞാൻ ആവർത്തിച്ച് പറയുകയാണ്. ഞങ്ങൾ പ്രഖ്യാപിച്ച അടിസ്ഥാനയത്തിൽ യാതൊരു മാറ്റവും ഉണ്ടാകയില്ല. ഈ ഗവൺമെന്റ് വന്ന സമയത്ത് ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കുന്ന

സമ്പ്രദായമുണ്ടായിരുന്നു. ഞങ്ങൾ അത് ആദ്യത്തെ വർഷം തന്നെ നിർത്തലാക്കി. രണ്ടാമത്തെ വർഷം ഫോർ സ്റ്റാർ നിർത്തലാക്കി. അതുകഴിഞ്ഞ് ഫൈവ് സ്റ്റാറിന് മാത്രം കൊടുത്താൽ മതിയെന്ന് പ്രഖ്യാപിച്ചു. അതെല്ലാം ഒരു സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയുള്ള നയമായിരുന്നു. ഇത് ഞാൻ പറയുമ്പോൾ, എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് മനസ്സിലാക്കണം. എൽ.ഡി.എഫ്.-ന്റെ കാലത്ത് 5 വർഷംകൊണ്ട് 152 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുത്തു. ഞങ്ങൾ 60 എണ്ണത്തിന് ലൈസൻസ് കൊടുത്തു. അതിൽ 39 എണ്ണം കോടതിയുടെ contempt ആയിരുന്നു. കെ.എസ്.ബി.സി. ഔട്ട്ലെറ്റുകൾ നിങ്ങളുടെ കാലത്ത് 38 എണ്ണം കൊടുത്തു. ഞങ്ങൾ ഒരെണ്ണം പോലും കൊടുത്തില്ല. സമയം - നിങ്ങളുടെ കാലത്ത് 6 മണി മുതൽ രാത്രി 12 മണിവരെ ആയിരുന്നു. ഞങ്ങൾ അത് മൂന്നുമണിക്കൂർ വെട്ടിച്ചുരുക്കി 8 മണി മുതൽ 11 മണിവരെയാക്കി. അതിനുമുമ്പ് ആന്റണി സർക്കാരിന്റെ കാലത്ത് പഞ്ചായത്തുകൾക്ക് കൊടുത്ത അധികാരം എടുത്തുകളഞ്ഞു. ഞങ്ങൾ വന്നു പഞ്ചായത്തുകൾക്ക് വീണ്ടും അധികാരം കൊടുത്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബിയർ-വൈൻ പാർലറുകൾക്ക് അംഗീകാരം കൊടുക്കുമ്പോൾ അത് മാറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്

കൊടുത്തിട്ടുള്ള അധികാരം ഗവൺമെന്റ് തിരിച്ചെടുക്കാതെ എങ്ങനെയാണ് ഗവൺമെന്റിന് ഈ ബിയർ-വൈൻ പാർലറുകൾ കൊടുക്കാൻ സാധിക്കുന്നത്; ആ നിയമം ഭേദഗതി ചെയ്യാൻ പോകുന്നുണ്ടോ?

ശ്രീ. കെ. ബാബു: അതാണ് ഞങ്ങൾ ചർച്ച ചെയ്യാൻ പോകുന്നത്. അതിനെക്കുറിച്ചൊന്നും തീരുമാനിച്ചിട്ടില്ല. ഞാൻ തുടക്കത്തിൽ പറഞ്ഞിരുന്നു. ഒരു തീരുമാനവുമെടുത്തിട്ടില്ല. ഞങ്ങൾ പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു. ഇതിനുപുറമേ വൺമാൻ കമ്മീഷനെ നിയോഗിച്ച് ഒരു വർഷം ലൈസൻസ് കൊടുത്തില്ല. മദ്യം ഉല്പാദനം - കേരളത്തിൽ നിങ്ങളുടെ കാലത്ത് 28,58,912 ബൾക്ക് ലിറ്റർ സ്പിരിറ്റ് ശേഖരണശേഷി ഉയർത്തി. എന്നുപറഞ്ഞാൽ ബൾക്ക് ലിറ്ററിന്റെ ബ്ലെൻഡിംഗ് കപ്പാസിറ്റി കൂട്ടി. ഞങ്ങൾ ഒരുലിറ്റർ പോലും കൂട്ടിയില്ല.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് അടിസ്ഥാന നയം. അടിസ്ഥാന നയം എന്നുപറയുന്നു. എന്താണ് അടിസ്ഥാന നയം? ആദ്യം അതൊന്ന് പറയണം.

ശ്രീ. കെ. ബാബു: ഞാൻ പറയാം. ഇതൊന്നുപറഞ്ഞ് പൂർത്തിയാക്കിക്കോട്ടെ. ഇവിടെ വൺഡേ പെർമിറ്റിന്റെ കാര്യം പറഞ്ഞു. പറഞ്ഞു പൂർത്തിയാക്കട്ടെ. നിങ്ങൾ പറയുന്നത് മാതിരി പറയുകയാണെങ്കിൽ നിങ്ങൾ എഴുതിത്തന്ന് ഞാൻ അത് എഴുതിവായിച്ചാൽ പോരേ; അതുപോരാ. ശ്രീ. എ. പ്രദീപ് കുമാർ വൺഡേ

പെർമിറ്റിന്റെ കാര്യം പറഞ്ഞു. ഞങ്ങൾ വരുമ്പോൾ വൺഡേ പെർമിറ്റിന് 25,000 രൂപയായിരുന്നു. ഞങ്ങൾ അത് 50,000 രൂപയായി ഉയർത്തി. 25,000 രൂപ വാങ്ങി വൺഡേ പെർമിറ്റ് കൊടുത്ത് എല്ലായിടത്തും മദ്യം വിളമ്പാൻ നിങ്ങൾ പറഞ്ഞില്ലേ; ഞങ്ങൾ വരുമ്പോൾ 25,000 ആയിരുന്നത് 50,000 ആയി ഉയർത്തി. ക്ലബ്ബുകളുടെ ലൈസൻസ് 4 വർഷംകൊണ്ട് ഞങ്ങൾ മൂന്ന് എണ്ണത്തിന് മാത്രമേ കൊടുത്തിട്ടുള്ളൂ. നിങ്ങൾ വളരെക്കൂടുതൽ കൊടുത്തിട്ടുണ്ട്. ഇപ്പോൾ കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററാണ്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 27.1 ലിറ്ററായിരുന്നു വിവിധതരം മദ്യങ്ങൾ കൈവശം വയ്ക്കാവുന്നതിന്റെ അളവ്. ഞങ്ങൾ അത് വെട്ടിച്ചുരുക്കി 15 ലിറ്ററാക്കി ചുരുക്കി. നിങ്ങളുടെ കാലത്ത് മദ്യം വാങ്ങാനും വിൽക്കാനുമുള്ള വയസ്സ് 21 ആയിരുന്നു. ഞങ്ങൾ അത് 18 ആയി ചുരുക്കി. ഇത്രയധികം മാറ്റം ഞങ്ങൾ കൊണ്ടുവന്നപ്പോൾ അത് മദ്യം ഒഴുക്കാനാണെന്ന് പറയാൻ സാധിക്കുമോ; സാധിക്കില്ലല്ലോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ഞങ്ങളുടെ അടിസ്ഥാന നയം മദ്യനിരോധനമല്ല.

<u>ശ്രീ. കെ. ബാബു</u>: 18 വയസ്സ് 21 വയസ്സ് ആയി ഉയർത്തി. ഞാൻ പറഞ്ഞതിൽ ചെറിയൊരു കറക്ഷൻ. ഞങ്ങളുടെ സമയത്ത് ബോധവൽക്കരണപ്രവർത്തനം വളരെ വ്യാപകമായി നടത്തി. പണം ചെലവാക്കി. ഞങ്ങൾ നാലുകോടിരൂപയോളം

ചെലവാക്കി. നിങ്ങൾ ഒരു വർഷം 20-25 ലക്ഷം രൂപയിൽ കൂടുതൽ ചെലവാക്കിയിട്ടില്ല. ഞങ്ങൾ ബിവറേജസ് കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയിൽ 3 കോടിരൂപയോളം ചെലവാക്കാൻ തീരുമാനിച്ചു. ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ഒരുകോടി രൂപയോളം സഹായം നൽകിയിട്ടുണ്ട്. ബാക്കി തീരുമാനം നടക്കുകയാണ്. ഇതാണ് ഞങ്ങൾ സ്വീകരിച്ച നയം. ഞങ്ങൾ സ്വീകരിച്ച നയത്തിന്റെ ഭാഗമായി ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ നിങ്ങളുടെ സമയത്ത് 2010-2011-ൽ 16 ശതമാനമായിരുന്നു മദ്യവിൽപ്പനയുടെ തോത് വർദ്ധനവ്. ഞങ്ങളുടെ ആദ്യത്തെ കൊല്ലം 11 ശതമാനമായി. പിന്നീട് ഒരു ശതമാനമായി, മൈനസ് ഒരു ശതമാനമായി, ഇപ്പോൾ മൈനസ് 6 ശതമാനമാണ്. അപ്പോൾ ഞങ്ങൾ സ്വീകരിച്ച മദ്യനയത്തിന്റെ ഭാഗമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ സാധിച്ചു. ഇതാണ് ഞങ്ങൾ ആദ്യം മുതൽ സ്വീകരിച്ച നയം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇപ്പോൾ വ്യാജച്ചാരായത്തിന്റെ അളവ് കൂടുകയാണോ കുറയുകയാണോ?

ശ്രീ. കെ. ബാബു: സർ, അതിന്റെ അളവ് ഇപ്പോൾ എന്റെ കയ്യിലില്ല. അളന്നുനോക്കിയിട്ട് പറയാം. ഓഗസ്റ്റ് 21-ന് യു.ഡി.എഫ്. ഒരു നയം തീരുമാനിച്ച

പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 22-ാം തീയതി അത് നടപ്പാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇവിടെ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളെ സംബന്ധിച്ച് ശ്രീ. എ. പ്രദീപ്കുമാർ പറയുകയുണ്ടായി. എക്സൈസ് വകുപ്പ് മന്ത്രിയെന്നുള്ള നിലയിൽ ഞാനാദ്യം ഒപ്പിട്ട ഉത്തരവ് എന്താണെന്ന് അറിയാമോ? നിങ്ങളുടെ കാലത്ത് തുടങ്ങാൻ തീരുമാനിച്ച 14 ബിവറേജസ് ഔട്ട്ലെറ്റുകൾ ഇനിമേലിൽ തുടങ്ങേണ്ടതില്ല എന്നാണ് തീരുമാനിച്ചതെന്ന് മനസ്സിലാക്കണം. ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു ബിവറേജസ് ഔട്ട്ലെറ്റുപോലും തുടങ്ങിയിട്ടില്ലെന്ന് പറയുമ്പോൾ നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാകുമെന്നറിയാം.

ശ്രീ. എ. കെ. ബാലൻ: സർ, അതിനുശേഷം 80 പുതിയ ബാറുകൾക്ക് നിങ്ങൾ ലൈസൻസ് കൊടുത്തില്ലേ?

ശ്രീ. കെ. ബാബു: സർ, 60 എണ്ണത്തിനുമാത്രമേ ലൈസൻസ് കൊടുത്തിട്ടുള്ളൂ. 152 എണ്ണത്തിന് ലൈസൻസ് കൊടുത്ത ആളുകൾ എന്നോടു പറയുകയാണ് 60 എണ്ണത്തിന് ലൈസൻസ് കൊടുത്തില്ലേയെന്ന്. ആഗസ്റ്റ് 21-ന് ഞങ്ങൾ നയം പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഉത്തരവിറക്കിയ കാര്യവും പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദൻ ഇതിനെ ശക്തമായി

എതിർത്തിട്ടുണ്ട്. അതേസമയത്ത് നിങ്ങളുടെ പാർട്ടി സെക്രട്ടറി ഇതിനെ സ്വാഗതം ചെയ്തു. അദ്ദേഹം തന്നെ ഞങ്ങൾ എന്തുകൊണ്ട് ഇത് അടിസ്ഥാന നയങ്ങളിൽ വ്യതിയാനമില്ലാതെ പുന:പരിശോധിക്കുന്നു എന്ന് ചോദിച്ചല്ലോ. അതിനെക്കുറിച്ച് ഞാൻ പറയാം. നിങ്ങളുടെ പാർട്ടി സെക്രട്ടറി ആദ്യം ഇതിനെ സ്വാഗതം ചെയ്തു. പിന്നീട് അദ്ദേഹം എറണാംകുളത്ത് മദ്യ തൊഴിലാളികളുടെ ഒരു സെമിനാറിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്, മദ്യനിരോധനം തൊഴിൽ നഷ്ടപ്പെടുത്തുമെന്നുമാത്രമല്ല സാമൂഹ്യ വിപത്തായി മാറുകയും ചെയ്യും, അതുകൊണ്ടുതന്നെ ഈ നീക്കം ഉപേക്ഷിക്കണമെന്നും അതേസമയത്ത് മദ്യത്തിന്റെ ആപത്തിനെക്കുറിച്ച് ശരിയായ രീതിയിൽ ബോധവൽക്കരണം നടത്തണമെന്നുമാണ്. നിങ്ങളും ആദ്യമിതിനെ സ്വാഗതം ചെയ്തു. പിന്നീട് മാറി. തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമെന്നും തീരുമാനം പുന:പരിശോധിക്കണമെന്നും നിങ്ങളുടെ പാർട്ടി സെക്രട്ടറി തന്നെ പറഞ്ഞിരിക്കുന്നു. കേന്ദ്ര തൊഴിലാളി സംഘടനകളടക്കം എല്ലാ തൊഴിലാളി സംഘടനകളും തൊഴിൽ നഷ്ടപ്പെടുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് നിരന്തരമായി നിവേദനം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ടൂറിസം വകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹത്തിന് ഇത് നന്നായിട്ട് അറിയാം. മദ്യനയം...

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കെ.പി.സി.സി. പ്രസിഡന്റിന്റെ നയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

ശ്രീ. കെ. ബാബു: സർ, കെ.പി.സി.സി. പ്രസിഡന്റിന്റെ നയം നിങ്ങൾക്ക് സ്വീകാര്യമാണോ. ഇന്നത്തെ പത്രത്തിൽ 'മദ്യനയം കേരളത്തിന്റെ പ്രതിച്ഛായ തകർത്തു' എന്ന് വാർത്ത വന്നിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് കേരളം വിജയിച്ചിട്ടുള്ള ഒരേയൊരു രംഗം ടൂറിസമാണ്. നയങ്ങൾ നേട്ടങ്ങളെ ഇല്ലാതാക്കുമെന്ന സ്ഥിതിയാണ്. സഞ്ചാരികളുടെ മനസ്സിൽ ഇമേജ് വളരെ പ്രധാനമാണ്. ഇന്നത്തെ പത്രത്തിൽ വിശദമായി പറഞ്ഞിട്ടുണ്ട്. ടൂറിസം മേഖലയെ സംബന്ധിച്ചിടത്തോളം ഞായറാഴ്ച ഡ്രൈ ഡേ. കഴിഞ്ഞ മാസത്തെ കണക്കുപ്രകാരം ശനിയാഴ്ചകളിൽ  മദ്യവിൽപ്പനയിൽ 60 ശതമാനമാണ് വർദ്ധനവുണ്ടായിരിക്കുന്നത്. നിങ്ങളുടെ പാർട്ടി സെക്രട്ടറി തൊഴിൽ നഷ്ടപ്പെടുമെന്ന് പറഞ്ഞു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞങ്ങളുടെ പാർട്ടി സെക്രട്ടറിയുടെ അഭിപ്രായമല്ല ചോദിച്ചത്, കെ.പി.സി.സി. പ്രസിഡന്റിന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ എന്നാണ് പറയേണ്ടത്.

ശ്രീ. കെ. ബാബു: സർ, അത് ഞങ്ങൾ പറഞ്ഞോളാം. ശ്രീ. പിണറായി വിജയൻ പറഞ്ഞ കാര്യം പറയട്ടെ. .....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. പ്ലീസ്...

ശ്രീ. കെ. ബാബു: സർ, കേരളത്തിലെ തൊഴിലാളി സംഘടനകളും സെൻട്രൽ ട്രേഡ് യൂണിയനുകളും തൊഴിൽ നഷ്ടപ്പെടുന്നതിനെക്കുറിച്ച് നിവേദനം തന്നു. നിങ്ങളുടെ പാർട്ടി സെക്രട്ടറി എറണാകുളത്ത് സെമിനാറിൽ പങ്കെടുത്തുകൊണ്ട് തൊഴിൽ നഷ്ടപ്പെടുന്നതിനെക്കുറിച്ച് പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി പറഞ്ഞ കാര്യത്തിൽ ഞങ്ങൾ ഉറച്ചു നിൽക്കുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ തീരുമാനത്തിന്റെ കൂടെയാണ്. പക്ഷേ നിങ്ങൾ കെ.പി.സി.സി. പ്രസിഡന്റിന്റെ കൂടെയുണ്ടോയെന്ന് പറയൂ. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ തീരുമാനം നടപ്പാക്കാനാണോ അതോ കെ.പി.സി.സി. പ്രസിഡന്റിന്റെ നയം നടപ്പാക്കാനാണോ നിങ്ങൾ ഭരിക്കുന്നത്?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് ഇതുവരെ അത് മനസ്സിലായില്ല എന്നതിൽ എനിക്ക് ദു:ഖമുണ്ട്. കെ.പി.സി.സി. പ്രസിഡന്റും യു.ഡി.എഫ്.-ന്റെ നേതാക്കൻമാരും കൂടിയിരുന്ന് ചർച്ച ചെയ്തെടുത്ത തീരുമാനത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, പിന്നെ 312 എണ്ണം എന്തിനാണ് പൂട്ടിയത്;

നിങ്ങളിങ്ങനെ ജനങ്ങളെ എന്തിനാണ് വഞ്ചിക്കുന്നത്? ....(ബഹളം)......

ശ്രീ. കെ. ബാബു: സർ, ശ്രീ. എ.കെ. ബാലൻ ഇങ്ങനെ പറഞ്ഞാൽ എങ്ങനെയാണ്. ചോദ്യം ചോദിക്കുകയും ഉത്തരം പറയിപ്പിക്കാതിരിക്കുകയും ചെയ്തിട്ട് കാര്യമുണ്ടോ? ഞാൻ ഉത്തരം പറയാം. ....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... പ്ലീസ്.. പ്ലീസ്.. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.

ശ്രീ. കെ. ബാബു: സർ, ടൂറിസം മേഖലയിൽ ഞായറാഴ്ച ഡ്രൈ ഡേ. കേരളത്തിലെ ഒരുപാട് കോൺഫറൻസ് ടൂറിസം നഷ്ടപ്പെടുന്നുണ്ട്. ഇത് ടൂറിസം മേഖലയെ...... ....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. പ്ലീസ്..

ശ്രീ. കെ. ബാബു: സർ, കഴിഞ്ഞ എക്സൈസിന്റെ ഡിമാന്റ് ദിവസം ഇവിടെ ഇതുപോലെയൊരു ഡിബേറ്റ് നടന്നു. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് അദ്ദേഹത്തിന് ഏതാണ് സ്വീകാര്യമായ നയമെന്ന് ഞാൻ ചോദിച്ചു. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിനെയാണ് അംഗീകരിക്കുന്നതെന്ന് അദ്ദേഹം മറുപടി പറഞ്ഞു. വീര്യംകുറഞ്ഞ മദ്യങ്ങളുടെ കള്ളും ബിയറും വിപണിയിൽ വിൽക്കുന്നതിനോട് കമ്മിറ്റിക്ക് യാതൊരു അഭിപ്രായവ്യത്യാസവും ഇല്ലെന്നുമാത്രമല്ല

കമ്മിറ്റി ഇതിനെ പ്രോത്സാഹിപ്പിക്കാനും ശുപാർശ ചെയ്യുന്ന എന്നാണ് ആ കമ്മീഷൻ റിപ്പോർട്ടിലുള്ളത്. മദ്യനയം ആവിഷ്ക്കരിക്കുമ്പോൾ ഞങ്ങളെ ഏറ്റവും കൂടുതൽ സ്വീധിനിക്കുന്നൊരു കാര്യം ബഹുമാന്യമായ കെ.പി.സി.സി.-യുടെ മുൻ പ്രസിഡന്റ് ഉടയഭാനു കമ്മീഷന്റെ ഈ റിപ്പോർട്ടാണ്. അപ്പോൾ കെ.പി.സി.സി. പ്രസിഡന്റിന്റെ ഒപ്പമാണോ എന്ന് ചോദിച്ചതിന് ഒരു കെ.പി.സി.സി. പ്രസിഡന്റ് തയ്യാറാക്കിയ റിപ്പാർട്ടാണിത്, ആ നയമാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്തായിരുന്നു ഉദയഭാനുവിനെ നിയമിച്ച് ഇങ്ങനെയൊരു കമ്മീഷൻ റിപ്പോർട്ട് വരുത്തിയത്. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ തീരുമാനമാണ് യഥാർത്ഥത്തിൽ കേരളത്തിന് പ്രായോഗികമായിട്ടുള്ളത്. ഉദയഭാനു കമ്മീഷന്റെ തീരുമാനം നടപ്പാക്കുന്നതിൽ ഇവിടെ ആർക്കും വിരോധമില്ല. പക്ഷേ ഉദയഭാനു കമ്മീഷൻ സമ്പൂർണ്ണ മദ്യനിരോധനം പറഞ്ഞിട്ടില്ല. നിങ്ങളിപ്പോൾ സമ്പൂർണ്ണ മദ്യനിരോധനമാണ് പറയുന്നത്. അത് ആ കമ്മീഷൻ റിപ്പോർട്ടിന് വിരുദ്ധമല്ലേ?

<u>ശ്രീ. കെ. ബാബു</u>: സർ, ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ ബിയർ, വൈൻ പാർലർ കൊടുക്കണമെന്ന് പറഞ്ഞത് ഞാൻ ഇപ്പോൾ വായിച്ചുവല്ലോ,

അടിസ്ഥാനനയം എന്നു പറഞ്ഞാൽ വീര്യം കൂടിയ മദ്യത്തിന്റെ ഉപയോഗം ഇല്ലാതാക്കി, ജനങ്ങളെ ബാധിക്കാത്ത പ്രശ്നങ്ങളെക്കുറിച്ചാണ് ഞങ്ങൾ ആലോചിക്കുന്നത്. കേസ് നടത്തിപ്പിനെക്കുറിച്ച് ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞു. അങ്ങ് കാര്യങ്ങളൊക്കെ മനസ്സിലാക്കുന്ന ഒരാളാണല്ലോ. ശ്രീ. കപിൽ സിബൽ എന്ന വക്കീലിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? അദ്ദേഹമാണ് ഞങ്ങളുടെ കേസ് വാദിക്കുന്നത്. പാറ വക്കീല്, പീറ വക്കീല് എന്നൊക്കെ ഇവിടെ പറഞ്ഞല്ലോ.... ഇതുപോലുള്ള ആളുകളെ അപമാനിക്കരുത്, അത് നമ്മുടെ സംസ്കാര ശൂന്യതയായി മാത്രമേ കണക്കാക്കുകയുള്ളൂ. ശ്രീ. കപിൽ സിബൽ എന്നു പറയുന്നത് ഇൻഡ്യയിലെ ഏറ്റവും പ്രമുഖരായ അഞ്ചോ പത്തോ വക്കീലന്മാരിൽ ഒരാളാണ്. ഞങ്ങൾ അദ്ദേഹത്തെയാണ് നിയോഗിച്ചത്. നിങ്ങൾ അഡ്വക്കേറ്റ് ജനറലിനെക്കുറിച്ച് പറഞ്ഞു.

ശ്രീ. എം. ചന്ദ്രൻ: സർ, മദ്യത്തിന്റെ പ്രശ്നവുമായി ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ അഡ്വക്കേറ്റ് ജനറലിനോട് കേരളത്തിൽ മദ്യ നിരോധനം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് ഹൈക്കോടതി ചോദിച്ചപ്പോൾ അദ്ദേഹം അവിടെ പറഞ്ഞത് മദ്യ നിരോധനം പ്രഖ്യാപിച്ചിട്ടില്ല, ബിവറേജ് ഔട്ട്ലെറ്റുകളിലൂടെ ഇഷ്ടം പോലെ മദ്യം ആളുകൾക്ക് ഞങ്ങൾ വിതരണം ചെയ്യുന്നുണ്ട് എന്നാണ്. അത്

നിങ്ങളുടെ നയവുമായി പൊരുത്തപ്പെടുന്നതല്ലല്ലോ. നിങ്ങൾ മദ്യനയം, മദ്യനയം എന്നു പറഞ്ഞിട്ട് കോടതിയിൽ വേറൊരു രൂപത്തിലല്ലേ മാറ്റി പറഞ്ഞുകൊണ്ടിരിക്കുന്നത്?

ശ്രീ. കെ. ബാബു: സർ, എനിക്ക് കോടതിയിലെ കാര്യങ്ങളെക്കുറിച്ച് ഇപ്പോൾ പറയാൻ സാധിക്കുകയില്ല, കാരണം ഞാൻ മനസ്സിലാക്കിയിട്ടില്ല. അതുമാത്രമല്ല, എ.ജി. അങ്ങനെ കേരളാ ഗവൺമെന്റിന്റെ നയം കൃത്യമായി വാദിക്കുന്ന ഒരാളുമാണ്. ഇവിടെ എ.ജി.-യുടെ ഇന്റഗ്രിറ്റിയെക്കുറിച്ച് ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അഡ്വക്കേറ്റ് ജനറലിന്റെ ഇന്റഗ്രിറ്റിയെക്കുറിച്ച് യാതൊരു സംശയവുമില്ല. നിങ്ങളുടെ കാലത്ത് സ്ഥിരമായി എല്ലാ കേസ്സുകളും വാദിക്കാൻ ഡൽഹിയിൽ നിന്ന് വക്കീലന്മാരെ വരുത്തുകയായിരുന്നു. ഞങ്ങളിതുവരെ ഈ കേസ് ഒഴിച്ച് ഒരു കേസിലും ഡൽഹിയിൽ നിന്ന് വക്കീലന്മാരെ കൊണ്ടു വന്നിട്ടില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം എ.ജി.-യുടെ ഇന്റഗ്രിറ്റിയെക്കുറിച്ചും കഴിവിനെക്കുറിച്ചും യാതൊരു തർക്കവുമില്ല. ഈ കേസ് കൃത്യമായി നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം, ജസ്റ്റിസ് രാമചന്ദ്രൻ കേരളത്തിലെ ഗവൺമെന്റ് രണ്ടാമത്തെ വർഷം ആവിഷ്കരിച്ച മദ്യ നയം റദ്ദാക്കി. സുപ്രീം കോടതിയിൽ പോയി

ഞങ്ങൾ ആ കേസ് ഭാഗികമായി ജയിച്ചല്ലോ. അപ്പോൾ പിന്നെ കേസ് നടത്തിപ്പിൽ വീഴ്ച ഉണ്ടായിയെന്നു പറയുന്നത് ശരിയല്ല. ഞങ്ങൾ മദ്യം ഒഴുക്കുന്നവരാണ് എന്നൊക്കെ നിങ്ങൾ ഒരുപാട് കുറ്റം പറഞ്ഞുവല്ലോ. നിങ്ങളുടെ കാലത്തെ 2011 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ എക്സ്സൈസ് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തന ഓഡിറ്റ് റിപ്പോർട്ടിലെ ഒരു പാരഗ്രാഫ് ഞാൻ വായിക്കാം. 'പുതിയ എഫ്.എൽ. 3 ലൈസൻസുകൾ നൽകരുതെന്ന് എക്സ്സൈസ് കമ്മീഷണർ അപേക്ഷിച്ചിരുന്നുവെങ്കിലും 2011 ജനുവരി 12-നും, മാർച്ച് 31-നും മധ്യേ 7 എഫ്.എൽ.3 ലൈസൻസുകൾ കൂടി നൽകിയതായി ഞങ്ങൾ കണ്ടു. തന്നെയുമല്ല ആവശ്യമായ നക്ഷത്രയോഗ്യതകളില്ലാത്തതും 2009-2010 കാലയളവിൽ പ്രവർത്തനക്ഷമമായിരുന്നതുമായ എഫ്.എൽ. 3 ലൈസൻസുകളെ നിയമാനുസൃതമാക്കേണ്ടതായിരുന്നുവെന്ന് 2010-11-ലെ അബ്കാരി നയത്തിൽ ഗവൺമെന്റ് പ്രഖ്യാപിച്ചു. അങ്ങനെ അനർഹരായ ലൈസൻസികളെ നിയമാനുസൃതമാക്കുന്നത് സർക്കാർ ക്രമമായ ഒരു സവിശേഷതയാക്കി.' നിങ്ങളെക്കുറിച്ച് പറഞ്ഞതാണെന്ന് മനസ്സിലാക്കണം. ഇത് രണ്ട് ഗസറ്റുകളാണ്, 18.02.1992-ൽ നിലവിലുണ്ടായിരുന്ന രണ്ട് നക്ഷത്രയോഗ്യതകളില്ലാത്ത

ഹോട്ടലുകൾ, ആ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് അവസാനമായി 12.03.2007-ലെ ഗസറ്റ്. അതാണ് ഇതിലൊന്ന്. ഇപ്രകാരം 31.03.2007-വരെ സമയം അനുവദിക്കുകയുണ്ടായി. 12-ാം തീയതി നിങ്ങൾ തീരുമാനമെടുത്തു. അടുത്തദിവസം തന്നെ, 13.07.2007-ൽ തന്നെ ടി ഓർഡറുകളെല്ലാം ക്രമീകരിച്ച് ഉത്തരവായി. ഇത് മനസ്സിലാക്കണം, നിങ്ങൾ 12-ാം തീയതി നിലവാരം ഉയർത്താനുള്ള സമയം കൊടുക്കാൻ തീരുമാനിച്ചു ഗസറ്റും പുറപ്പെടുവിച്ചു. അന്ന് രാത്രിതന്നെ നിങ്ങളത് റഗുലറൈസ് ചെയ്തു, എന്തുകൊണ്ടാണ് ചെയ്തത് പറയൂ, നിങ്ങൾ ആത്മാർത്ഥതയെക്കുറിച്ച് പഠിപ്പിക്കരുത്, അപ്പോൾ എന്തെങ്കിലും കിട്ടിയോ? ഞാൻ ആരോപിക്കുകയില്ല. ഇതെല്ലാം സംസാരിക്കുന്ന രേഖകളാണ്. ഇതാണ് സി. ആന്റ് എ.ജി. റിപ്പോർട്ട്, നിങ്ങളുടെ നിലപാട് യഥാർത്ഥ കള്ളൻ ജനക്കൂട്ടത്തിലൂടെ കള്ളൻ...കള്ളൻ.. എന്ന് വിളിച്ചു കൂവി ഓടി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന നയമാണ്. അതിനോട് ഞങ്ങൾക്ക് യോജിപ്പില്ല.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, 2007-ൽ ഞങ്ങൾ 418 ബാറുകൾ റഗുലറൈസ് ചെയ്തു എന്നത് ഒരു വസ്തുതയാണ്, അത് എല്ലാപേരും അംഗീകരിക്കുന്നതാണ്, ഞങ്ങളും അംഗീകരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരു നയം ആവിഷ്കരിച്ചു, ത്രീ സ്റ്റാർ ക്ലാസ്സിഫിക്കേഷൻ. ത്രീ

സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ഉള്ള ബാറുകൾക്കേ ഞങ്ങൾ ലൈസൻസ് കൊടുത്തിട്ടുള്ളൂ. അതേ സമയം 1992-ൽ ടു സ്റ്റാർ ക്ലാസ്സിഫിക്കേഷൻ നിശ്ചയിച്ചപ്പോൾ അതിനുശേഷം ടു സ്റ്റാർ ഇല്ലാത്തവർക്കും ലൈസൻസ് കൊടുത്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ത്രീ സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ഉള്ള ബാറുകൾക്ക് മാത്രമാണ് ലൈസൻസ് കൊടുത്തത്. 2004-ൽ നിങ്ങൾ അംഗീകരിച്ചതാണ് 418 ബാറുകൾ. 2005-ലും, 2006-ലും നിങ്ങൾ അംഗീകരിച്ചതാണ്. ഞങ്ങൾ 2007-ൽ അത് റെഗുലറൈസ് ചെയ്തു. അതേസമയം 2006-2011-ലെ അബ്കാരി നടപടികളുമായി ബന്ധപ്പെട്ട് എ.ജി. റിപ്പോർട്ട് സമർപ്പിച്ചപ്പോൾ നിങ്ങൾ ആ റിപ്പോർട്ടിനകത്ത് എഴുതി. ഇത് ദീർഘകാലമായി നിലനിൽക്കുന്ന ബാറുകളാണ്. അതുകൊണ്ട് ഈ ബാറുകൾ നിലനിൽക്കേണ്ടതാണ് എന്ന് എ.ജി.-യുടെ കരട് റിപ്പോർട്ടിനകത്ത് യു.ഡി.എഫ് ഗവൺമെന്റ്, ശ്രീ. കെ. ബാബു എഴുതികൊടുത്തത് അതിനകത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. അതിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. ബാബു: സർ, ഞാൻ പറഞ്ഞത് 12-ാം തീയതി കൂടി 31-ാം തീയതിവരെ സമയം കൊടുക്കാൻ തീരുമാനിച്ചു. 13-ാം തീയതി അത് റെഗുലറൈസ് ചെയ്തുകൊണ്ട് ജി.ഒ. ഇറക്കി. രണ്ടു ഗസറ്റാണിത്, ഇതിനു മറുപടി പറയണം,

പറയാൻ പറ്റുമോ? ഞങ്ങളുടെ കാലത്തുള്ള എക്സ്സൈസ് കാര്യവുമായി ബന്ധപ്പെട്ട് ഇതുവരെ സി. ആന്റ് എ.ജി. റിപ്പോർട്ട് വന്നിട്ടില്ല. നിങ്ങളുടെ കാലത്തെ സി. ആന്റ് എ.ജി. റിപ്പോർട്ടാണിത്. ഞാൻ ഒരു കാര്യം കൂടി ചോദിക്കാം, പി.ബി മെമ്പർ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഇവിടെയുണ്ട്. ഞങ്ങൾ ബാർ ഹോട്ടലുകാരെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നുവെന്നാണല്ലോ നിങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്നത്. നിങ്ങൾ ബാർ ഹോട്ടലുകാരുമായി ചർച്ച നടത്തുന്നുണ്ടോ? ഞാൻ പറയുന്നു, നിങ്ങൾ ചർച്ച നടത്തുന്നുണ്ട്. എന്നുമാത്രമല്ല, നിങ്ങൾ അധികാരത്തിൽ വന്നാൽ ഇതെല്ലാം തുറന്നു കൊടുക്കാമെന്ന് അവർക്ക് ഉറപ്പു കൊടുത്തിരിക്കുകയാണ്. നിങ്ങൾ പറഞ്ഞോ, നിങ്ങളുടെ നയമെന്തായിരിക്കും?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞങ്ങൾ അധികാരത്തിൽ വന്നാൽ ഞങ്ങളുടെ നയം സമ്പൂർണ്ണ മദ്യ നിരോധനമല്ല, മദ്യ വർജ്ജനമാണ്. അതു സംബന്ധിച്ച് എൽ.ഡി.എഫ്. ഗവൺമെന്റ് വരുന്ന സമയത്ത് ഞങ്ങൾ അതിന്റെ പ്രായോഗികമായ വശം പ്രഖ്യാപിക്കും. അതിന് യാതൊരു സംശയവുമില്ല. നിങ്ങളുടെ അടിസ്ഥാന നയം അല്ല ഞങ്ങളുടെ അടിസ്ഥാന നയം.

<u>ശ്രീ. കെ. ബാബു</u>: സർ, നിങ്ങൾ കൊടുക്കുമെന്നതിന് ഉറപ്പ് എന്താണ്.

ഞങ്ങൾ വന്നാൽ ഇതെല്ലാം തുറന്നു കൊടുക്കാം, കൊടക്കുകയില്ല എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന് തുറന്നു പറയാൻ പറ്റുമോ? പറ്റില്ല. നിങ്ങൾ ബാർ ഹോട്ടലുകാരെ സ്വാധീനിച്ച് ഈ ഗവൺമെന്റിനെ അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. ഞങ്ങൾ അങ്ങനെ ശ്രമം നടത്തുന്നില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബാറുകാരെ ഉപയോഗിച്ചുകൊണ്ട് എങ്ങനെയാണ് ഒരു ഗവൺമെന്റിനെ അട്ടിമറിക്കാൻ പറ്റുക, എം.എൽ.എ.-മാർ മാറാതെ ഗവൺമെന്റിനെ അട്ടിമറിക്കാൻ പറ്റുമോ? ബാറുകാരുടെ ആളുകൾ അപ്പുറത്തുണ്ടെങ്കിൽ അവർ ഇപ്പുറത്ത് വരേണ്ടേ? ബാറുകാർ വിചാരിച്ചാൽ ഒരു ഗവൺമെന്റിനെ അട്ടിമറിക്കാൻ കഴിയുമെന്ന് ശ്രീ. കെ. ബാബു പറയുന്നതിൽ എന്താണ് അർത്ഥമുള്ളത്.

<u>ശ്രീ. കെ. ബാബു</u>: സർ, അത് ശ്രീ. എ. പ്രദീപ് കുമാറിനോട് ചോദിച്ചാൽ മതി, അദ്ദേഹമാണ് പറഞ്ഞത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് പൂർണമായും ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ പ്രഖ്യാപിച്ച വീര്യം കൂടിയ മദ്യത്തിന്റെ ലഭ്യത കുറച്ച്, ഞങ്ങൾ പ്രഖ്യാപിച്ച അടിസ്ഥാന നയത്തിൽ നിന്ന് മാറ്റമില്ലാതെ ഞങ്ങൾ ഈ കാര്യങ്ങൾ ടൂറിസം മേഖലയേയും, തൊഴിൽ മേഖലയേയും ബാധിക്കുന്നതുമായി ബന്ധപ്പെടുത്തി, ഞങ്ങൾ പരിശോധിച്ച

കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എക്സ്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു വളരെ വിശദമായി മറുപടി പറഞ്ഞതുകൊണ്ട് കൂടുതൽ ഡീറ്റെയിൽസിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ശ്രീ. എ. പ്രദീപ് കുമാർ ഇവിടെ അവതരിപ്പിച്ചത് വളരെയധികം തെറ്റിദ്ധാരണയോടു കൂടിയാണ്. ആഗസ്റ്റ് 21-ാം തീയതി യു.ഡി.എഫ്.-ന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എടുത്ത മദ്യ നയത്തിൽ അടിസ്ഥാനപരമായി യാതൊരു മാറ്റവുമുണ്ടാകില്ല. എന്താണ് അന്നത്തെ അടിസ്ഥാനപരമായ സമീപനം. യു.ഡി.എഫ്. എല്ലാ കാലത്തും പറഞ്ഞിട്ടുള്ളതാണ് ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പിലാക്കുമെന്ന്. അതിനുവേണ്ടി കാലാകാലങ്ങളിൽ എടുത്തിട്ടുള്ള ഒരു തീരുമാനത്തിൽ നിന്നും യു.ഡി.എഫ്. പുറകോട്ട് പോയിട്ടില്ല. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്ന സമയത്ത് ഉപഷാപ്പുകൾ നിർത്തലാക്കുമെന്ന് പറഞ്ഞു. ഒരു കള്ള്ഷാപ്പിന് രണ്ട് ഉപഷാപ്പ് വച്ച് നാട്ടിലാകെ ഉപഷാപ്പുകൾ വന്നപ്പോൾ അതിനെതിരെ എല്ലാ ഭാഗത്തു നിന്നും, സമൂഹത്തിലും ഒന്നാകെ എതിർപ്പു വന്നപ്പോഴാണ് ഉപഷാപ്പുകൾ നിർത്തലാക്കാൻ തീരുമാനിച്ചത്. അത് നിർത്തലാക്കി. അതിൽ നിന്ന് പിന്നെ പുറകോട്ട് പോയിട്ടില്ല.

ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ചാരായം നിരോധിച്ചു. ചാരായ നിരോധനത്തെ നിങ്ങൾ എതിർത്തതാണ്. യു.ഡി.എഫ്. പുറകോട്ട് പോയില്ല. നിങ്ങൾ അധികാരത്തിൽ വന്നിട്ടും അത് പിൻവലിക്കാൻ സാധിച്ചില്ല. കാരണമെന്താണ്, സമൂഹം അംഗീകരിച്ച ഒരു തീരുമാനമെന്ന നിലയിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. ഞങ്ങൾ നിരവധി തീരുമാനങ്ങൾ എടുത്തു. ശ്രീ. കെ. ബാബു പറഞ്ഞു, ബിവറേജസ് കോർപ്പറേഷന്റെ ഒരു ഔട്ട്ലെറ്റുപോലും പുതിയതായി തുടങ്ങില്ല. ഒരെണ്ണമെങ്കിലും തുടങ്ങിയോ?

ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് 31.03.2012-ന് ശേഷവും ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് 31.03.2013-ന് ശേഷവും അനുമതി നൽകിയിട്ടില്ല. പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുമെന്ന് പറഞ്ഞു, നിയമം കൊണ്ടു വന്നു അത് പാസ്സാക്കി, അധികാരവും കൊടുത്തു. ഒരു കാര്യത്തിൽ നിന്നും പുറകോട്ട് പോയിട്ടില്ല. ആഗസ്റ്റ് 21-ന് എടുത്ത തീരുമാനങ്ങളിൽ ചില മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കാൻ തന്നെ കാരണം ഈ മദ്യനയം കുറ്റമറ്റ രീതിയിൽ മുമ്പോട്ട് കൊണ്ട് പോകണം എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇവിടെ ശക്തമായ ചില എതിർപ്പുകൾ വന്നു. ആ എതിർപ്പുകളിലൊന്നും ഗവൺമെന്റിന്റെ സാമ്പത്തിക നഷ്ടം ഉയർന്ന് വന്നിട്ടില്ല. നേരത്തെ പറഞ്ഞതുപോലെ ഇതൊരു സാമൂഹിക

വിപത്താണെന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അതിനുവേണ്ടി ഗവൺമെന്റിനുണ്ടാകുന്ന ഏത് നഷ്ടവും സഹിക്കാനും തയ്യാറായി. ഈ വിവാദങ്ങളെല്ലാം വന്നിട്ടും ഗവൺമെന്റിനുണ്ടായ നഷ്ടം ഒരിടത്തുംപറയുന്നില്ല. കാരണം ഗവൺമെന്റ് അത് കണക്കിലെടുക്കുന്നില്ല. ഗവൺമെന്റിന് ലഭിക്കുന്ന വരുമാനത്തെക്കാൾ അനേകംമടങ്ങ് നഷട്മാണ് സമൂഹത്തിനുണ്ടാകുന്നത്. മറ്റ് ചില പ്രശ്നങ്ങളുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടായി. അതുവഴി പത്ത് തൊഴിലാളികൾ ആത്മഹത്യ ചെയ്തു. നമ്മുടെ ആത്മവിശ്വാസത്തെ തകർക്കുന്ന ഒരു സംഭവമാണത്. ഒരാളാണെങ്കിലും ഒരു കുടുംബമാണെങ്കിലും നമ്മളെടുത്ത ഒരു തീരുമാനത്തിന്റെ പേരിൽ നിരാശയിലേയ്ക്ക് വീണ് ആത്മഹത്യ ചെയ്യുന്നതിൽ വളരെ പ്രയാസമുണ്ട്. അതുപോലെതന്നെ ടൂറിസം മേഖലയിലുണ്ടായ തിരിച്ചടികാരണമുണ്ടായ പ്രശ്നങ്ങളും വാർത്തകളും ഇന്ന് വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ കണക്കിലെടുത്ത് ചർച്ച ചെയ്യണമെന്ന ഒരു അഭിപ്രായം വന്നിട്ടുണ്ട്. ശ്രീ. പ്രദീപ്കുമാർ ഇവിടെ ഞാൻ പറഞ്ഞ ചില കാര്യങ്ങൾ പറഞ്ഞു, അതെല്ലാം ശരിയാണ്. പക്ഷേ ഞാൻ പറഞ്ഞത് ചർച്ചാ വിഷയങ്ങളും ആലോചനാ വിഷയങ്ങളുമാണ്. ഒന്ന്, കോടതിയുടെ നരീക്ഷണങ്ങൾ, നാഷണൽ ഹൈവേയുടെ തീരത്തുള്ള ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ

നിർത്തിക്കൂടെയെന്ന് ചോദിച്ചു. നിർത്താൻ ഉത്തരവിട്ടിട്ടില്ല. നമ്മുടെ പൊതു തീരുമാനമനുസരിച്ച് ഈ വർഷം 39 എണ്ണം നിർത്തി. പത്ത് വർഷം കൊണ്ടാണ് 384 എണ്ണം അവസാനിപ്പിക്കുന്നത്. അതിൽ ഓരോ വർഷവും 39 എണ്ണം വീതം ഒഴിവാക്കുകയാണ്. അതിൽ 39 എണ്ണം ഒഴിവാക്കി. പക്ഷേ അതിനു ശേഷമാണ് കോടതിയുടെ ഈ നിരീക്ഷണം. ഒറ്റയടിക്ക് ഒരു വർഷംകൊണ്ട് അത് നിർത്താൻ പറ്റില്ലെങ്കിലും അതിനെപ്പറ്റി ആലോചിക്കണ്ടേ? കഴിഞ്ഞ പ്രാവശ്യം തീരുമാനമെടുക്കാതിരുന്ന കാര്യങ്ങളാണ് ബിയറും വൈനും. അതിന്റെ കാര്യത്തിലും തീരുമാനമെടുത്തിട്ടില്ല. ഇപ്പോഴും ബിയർ - വൈൻ പാർലറുകൾ ഇവിടെ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്. അതുസംബന്ധിച്ചും തീരുമാനമെടുത്തിട്ടില്ല, അതിനെപ്പറ്റി ആലോചിക്കണം. അങ്ങ് ഇവിടെ ക്ലബ്ബ് ലൈസൻസുകളെപ്പറ്റി വളരെ വാചാലമായി സംസാരിച്ചു. ക്ലബ്ബുകൾക്ക് അനുവദിച്ച ലൈസൻസ് പ്രകാരമാണ് അവ തുടർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അത് ഈ രീതിയിൽ തുടരണോ, ക്ലബ്ബുകളുടെ ലൈസൻസ് പുതുക്കി നൽകണമോയെന്ന കാര്യത്തിൽ പുതിയതായി ഒരു ഗുഢാലോചന നടത്തി അത് നൽകാൻ പോകുകയാണെന്ന് അങ്ങ് ധരിക്കരുത്. ഇപ്പോൾ നടന്നുകെണ്ടിരിക്കുന്നവയുടെ ലൈസൻസ് ഈ രീതിയിൽ തന്നെ നടത്തണോ? അവിടെ എല്ലാവിധത്തിലുള്ള മദ്യവും കിട്ടുന്നുണ്ട്. അങ്ങനെ

കൊടുക്കുന്നത് ശരിയാണോ? അന്ന് തീരുമാനമെടുത്തിട്ടില്ലാത്ത കാര്യങ്ങൾ, കോടതിയുടെ നിരീക്ഷണങ്ങൾ, ഇത് നടപ്പിലാക്കിയതിനുശേഷം ഉയർന്ന് വന്നിട്ടുള്ള പ്രധാന പ്രശ്നങ്ങളായ തൊഴിലാളികളുടെയും ടൂറിസത്തിന്റെ പ്രശ്നങ്ങൾ ഞങ്ങൾ ഈ പ്രശ്നമേറ്റെടുത്ത സമയത്ത് ബിവറേജസ് കോർപ്പറേഷനിലെ ഗോഡൗണിൽ ലേബൽ ഒട്ടിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കോൺട്രാക്ട് വർക്കേഴ്സായ സ്ത്രീകൾ, അവരുടെ പോലും ജോലി നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവരെ സംരക്ഷിക്കണമെന്ന് എഴുതി ചേർത്തിട്ടുണ്ട്. കാരണം ഈ രംഗത്ത് സമൂഹിക നന്മയ്ക്കായി പൊതുവായ കാര്യങ്ങൾ ചെയ്യുമ്പോൾ, അതുകൊണ്ട് ആരും കഷ്ടപ്പെടരുത് ആർക്കും അത്യാഹിതമുണ്ടാകരുത് എന്നതിന്റെ പേരിലാണ് ഞങ്ങൾ വച്ചിട്ടുള്ളത്. ഈ ഒരൊറ്റ കാര്യമേ ഞങ്ങൾക്ക് ഉദ്ദേശമുള്ളൂ. സമൂഹത്തിന്റെ നന്മക്ക് വേണ്ടി ഒരു കാര്യം കൊണ്ടുവന്നു. ഇതിനു മുമ്പ് യു.ഡി.എഫ്. കൊണ്ടു വന്നിട്ടുള്ള മദ്യനയത്തിൽ ഒരിക്കലും ഒരു കാര്യത്തിൽ നിന്നും പുറകോട്ട് പോയിട്ടില്ല. ഈ കാര്യത്തിലും പുറകോട്ട് പോകുന്ന പ്രശ്നമില്ല. പക്ഷേ ഇത് കുറ്റമറ്റ രീതിയിലാക്കണമെങ്കിൽ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പ് വരുത്തണം. ടൂറിസം മേഖലയിലുണ്ടായ തിരിച്ചടി നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്നാണ് പറയുന്നത്. അപ്പോൾ അതിന്

അടിസ്ഥാനപരമായ മാറ്റങ്ങളില്ലാതെ നമുക്കത് നടപ്പാക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യം പറഞ്ഞുവല്ലോ ശ്രീ. കെ. ബാബു പറഞ്ഞു, ഉദയഭാനു കമ്മിഷന്റെ റിപ്പോർട്ടുണ്ട്, അതെല്ലാം കൂടി വച്ചുകൊണ്ട് അടിസ്ഥാനപരമായ മാറ്റങ്ങളില്ലാതെ പുറകോട്ട് പോകാതെ എഫക്ടീവായി നടപ്പിലാക്കാനുള്ള ഒരു ശ്രമമാണ്. മദ്യത്തിന്റെ വിപത്തിനെക്കുറിച്ച് ആരൊടെങ്കിലും പ്രത്യേകിച്ച് പറയേണ്ടതില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളിൽ നിന്നും പുറകോട്ട് പോകില്ല. മറിച്ച് അതു കൂടുതൽ എഫക്ട്ടീവായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കാലാകാലങ്ങളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മുമ്പോട്ട് പോകും.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, അങ്ങ് പല പ്രാവശ്യം ഉദയഭാനു കമ്മിഷനെപ്പറ്റി പറഞ്ഞു. വീര്യം കൂടിയ മദ്യം കുറയ്ക്കണം, അതേ സമയത്ത് വീര്യം കുറഞ്ഞത് സംരക്ഷിക്കണമെന്നും പറഞ്ഞു. കഴിഞ്ഞ ദിവസമാണ് നിയമസഭ നികുതി ബിൽ പാസ്സാക്കിയത്. അവിടെ ഇവ തമ്മിൽ എന്ത് വിവേചനമാണ്? ബിയറിനും വൈനിനും 20 ശതമാനം നികുതി കൂട്ടി. വീര്യം കൂടിയതിനും 20 ശതമാനം കൂട്ടി. എന്തേ നിങ്ങൾ മറിച്ച് ചിന്തിക്കാതിരുന്നത്? പണം കിട്ടിയാൽ

ഇങ്ങ് പോന്നോട്ടെ എന്ന് കരുതിയോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, മദ്യത്തിന്റെ വില വീര്യം കൂടിയതായാലും കുറഞ്ഞതായാലും കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. കാരണം മദ്യം എന്നത് മദ്യം തന്നെയാണ്. പക്ഷേ ഒരു കാര്യം ഞാൻ ആവർത്തിച്ച് പറയുവാൻ ആഗ്രഹിക്കുന്നു ഈ ഗവൺമെന്റിന്റെ സമീപനം, മദ്യം ഘട്ടം ഘട്ടമായി നിരോധനത്തിലേയ്ക്ക് കൊണ്ട് വരും. ഇവിടെ ഒരു തർക്കം വന്ന ദിവസം ഞാൻ പറഞ്ഞതാണ്. ഇന്ന് ഞങ്ങൾ പ്രഖ്യാപിച്ചിരിക്കുന്ന നയം, മദ്യ നിരോധനവും മദ്യവർജ്ജനവും കൂടി സമന്വയിപ്പിച്ച് കൊണ്ട് മുമ്പോട്ട് പോകുന്നതാണ്. മദ്യ നിരോധനമാണെങ്കിൽ ഒറ്റ ഓർഡർ ഇറക്കി നിരോധിച്ചാൽ പോരെ. ഇത് പത്ത് വർഷം കൊണ്ട് മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടു വന്നു, ബോധവൽക്കരണം നടത്തി, ശക്തമായിട്ടുള്ള പ്രചരണം നടത്തി മുമ്പോട്ട് കൊണ്ടു പോകും. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം 'No to liquor', മദ്യത്തിന് വിട, എന്ന ഒരു മുദ്രാവാക്യമായിട്ടാണ് ഞങ്ങൾ മുമ്പോട്ട് പോകുന്നത്. മദ്യത്തിൽ നിന്നും ഈ സമൂഹത്തെ രക്ഷിക്കുന്നതിന് വേണ്ടി നമുക്ക് ഫലപ്രദമായ നടപടികളുമായി മുമ്പോട്ട് പോകണം.

ശ്രീ. സി. ദിവാകരൻ : സർ, അങ്ങ് ഇവിടെ പ്രസ്താവിച്ചു വൈനും ബിയറും മദ്യമാണെന്ന്. വൈനും ബിയറിനും പുതിയ ലൈസൻസ് കൊടുക്കില്ലെന്ന് ഈ

നിയമസഭയിൽ പറയാമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അത് എങ്ങനെ പറയാൻ കഴിയും. ഇന്ന് വൈനും ബിയറും തുടർന്ന് കൊണ്ടിരക്കുകയാണ്. അത് സംബന്ധിച്ച് യു.ഡി.എഫ്. ആഗസ്റ്റ് 21-ാം തീയതി ഒരു തീരുമാനമെടുത്തില്ല. ആ തീരുമാനം ഓപ്പണായി വച്ചിരിക്കുകയാണ്, അതാണ് ഞങ്ങൾ ചർച്ച ചെയ്യുന്ന കാര്യം. ആ കാര്യത്തിൽ ചർച്ച ചെയ്ത് അതിനാവശ്യമായിട്ടുള്ള തീരുമാനമെടുക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, മദ്യനയത്തിൽ അടിസ്ഥാനപര മായ മാറ്റമൊന്നും വരുത്തിയിട്ടില്ലായെന്ന പല്ലവി ആവർത്തിച്ചുകൊണ്ടിരി ക്കുകയാണ് ഭരണകക്ഷിയും ഭരണകക്ഷിയുടെ മദ്യവുമായി ബന്ധപ്പെട്ട വകുപ്പിന്റെ തലവനായ ശ്രീ. കെ. ബാബുവും. ഈ അടിസ്ഥാനപരമായ നയത്തിൽ മാറ്റമില്ലായെന്ന് പറഞ്ഞാൽ അടിസ്ഥാനപരമായ നയം എന്താണ്? അടിസ്ഥാനപരമായ നയമെന്ന് നിങ്ങൾ കൊട്ടിഘോഷിച്ചു കൊണ്ടിരിക്കുന്നത് മദ്യനിരോധനമെന്നാണ്,

ഞങ്ങളുടേത് മദ്യവർജ്ജന മെന്നാണ്. വിശദീകരിച്ച് വിശദീകരിച്ച് മദ്യനിരോധനത്തെ ഇപ്പോൾ മുഖ്യമന്ത്രി വിശദീകരിച്ചതുപോലെ മദ്യവർജ്ജനമാക്കാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് അടിസ്ഥാനപരമായ നയമെന്ന് ആവർത്തിക്കാതിരിക്കാ നെങ്കിലുമുള്ള മര്യാദ നിങ്ങൾക്ക് കാണിക്കാൻ കഴിയില്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്. എന്തായിരുന്നു ഈ സർക്കാരിന്റെ മദ്യനയമായി കൊട്ടിഘോഷിച്ചിരുന്നത്? ഘട്ടംഘട്ടമായി മദ്യഉപയോഗം കുറയ്ക്കുകയെന്ന താണ്. തുടർന്ന് മദ്യനിരോധനം കൊണ്ടുവരിക, എന്നിട്ട് ഇപ്പോൾ എന്താണ് നടക്കുന്നത്? ഘട്ടംഘട്ടമായി മദ്യഉപഭോഗം കൂട്ടുകയല്ലേ നിങ്ങൾ ചെയ്യുന്നത്; നിങ്ങളുടെ വിശ്വപ്രസിദ്ധമായ മദ്യനയം പ്രഖ്യാപിക്കുമ്പോൾ 418 ബാറുകളുടെ ലൈസൻസ് പുതുക്കിയിരുന്നില്ല. പ്രവർത്തിച്ചുകൊണ്ടിരുന്ന 312 ബാറുകൾ പൂട്ടുകയും ചെയ്തു. എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്? 312 ബാറുകളും വീണ്ടും തുറന്നു. അവിടെയെല്ലാം മദ്യക്കച്ചവടം പൊടിപൊടിക്കുകയാണ്. ആദ്യത്തെ 418 ബാറുകളിലും ബീയർ, വൈൻ പാർലറുകൾ നൽകാൻപോകുന്നു. തുടർന്ന് അവിടത്തെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആ 418 ബാറുകൾക്കുകൂടി ലൈസൻസ് നൽകും. അതിനർത്ഥം മദ്യനയം പ്രഖ്യാപിച്ചപ്പോൾ പൂട്ടിയ 418-ഉം 312-ഉം അടക്കം 730 ബാറുകളും പ്രവർത്തിക്കുന്ന സ്ഥിതിയാണ്. സംസ്ഥാനത്തെ

മുഴവൻ ബാറുകളും പൂർവ്വാധികം ഭംഗിയായി പ്രവർത്തിക്കുന്ന സ്ഥിതിയാണ് ഉണ്ടാകുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി, ശരാശരി മലയാളം അറിയാവുന്നവരൊക്കെ ഇതിന് പറയുന്നത് അടിസ്ഥാനപരമായ മാറ്റമെന്നാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. കെ. ബാബുവിന്റെയുമൊക്കെ നിഘണ്ടുവിൽ ഇതിന് വേറെ അർത്ഥം കാണുമോ? അത് ജനങ്ങൾ തീരുമാനിക്കട്ടെ. കെ.പി.സി.സി. പ്രസിഡന്റിന് ഇപ്പോൾ എന്താണ് പറയുവാനുള്ളത്? ശ്രീ. വി. എം. സുധീരന്റെ യാത്ര കാസർഗോഡുനിന്ന് തിരുവനന്തപുരത്ത് എത്തുമ്പോൾ പൂട്ടിയ മുഴവൻ ബാറുകളും തുറക്കുമെന്ന് പറഞ്ഞവരുടെ നാവ് പൊന്നായില്ലേ. ശ്രീ. വി. എം. സുധീരന് ഇതിനെപ്പറ്റി എന്തെങ്കിലും മിണ്ടാട്ടമുണ്ടോ. ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും പറയുന്ന ന്യായം എന്താണ്? കോടതി പറയുന്നതുകൊണ്ട് ബാർ ലൈസൻസ് ഞങ്ങൾ കൊടുക്കുകയാണെന്നാണ്. കോടതിയെ ചാരിയൊന്നും രക്ഷപ്പെടാൻ നോക്കേണ്ട. ഇങ്ങനെ കോടതിയോട് വലിയ മതിപ്പുള്ള ശ്രീ. ഉമ്മൻ ചാണ്ടിയെപ്പറ്റി സോളാർ കേസ്സിലും പാമോയിൽ കേസ്സിലും സലിം രാജിന്റെ ഭൂമി തട്ടിപ്പ് കേസ്സിലുമൊക്കെ പല കാര്യങ്ങളും കോടതി പറഞ്ഞിരുന്നല്ലോ. അത് വല്ലതും കണക്കിലെടുക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി തയ്യാറായിട്ടുണ്ടോ? ശ്രീ. ഉമ്മൻ ചാണ്ടി ബാറുകാരിൽനിന്ന് കാശ് ചോദിച്ചുവാങ്ങി അവരുമായി ഒത്തുകളിക്കുന്നതല്ലേ,

ഇതറിയാത്ത മലയാളികൾ ആരാണുള്ളത്; ഇങ്ങനെ കള്ളങ്ങൾ പറഞ്ഞ് എത്രകാലം നിങ്ങൾക്ക് മുന്നോട്ടുപോകാനാകും. കായംകുളം കൊച്ചുണ്ണി ജീവിച്ചിരുന്നെ ങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ കെട്ടിപ്പിടിച്ച് ചുംബിക്കുമായിരുന്നുവെന്നാണ് ഇന്നലെ സഖാവ് കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത്. എനിക്ക് ഇപ്പോൾ തോന്നുന്നത്, നുണകൾ ആവർത്തിച്ചുപറഞ്ഞ് ചരിത്രത്തിൽ സ്ഥാനം പിടിച്ച ആളായിരുന്നല്ലോ ഹിറ്റ്ലറുടെ പ്രചരണ വിഭാഗം മന്ത്രിയായിരുന്ന ഗിബൽസ്. ആ ഗിബൽസ് ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ, അദ്ദേഹം ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാൽക്കൽ വന്ദിക്കുമായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി ഗിബൽസിനെ തോൽപ്പിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി, നിങ്ങൾ ഇങ്ങനെ കള്ളച്ചിരി ഉള്ളിലൊതുക്കി ആശ്വസിച്ച് ചിരിക്കരുത്. നിങ്ങളുടെ നേതാവ് ശ്രീ. മൻമോഹൻസിംഗിന്റെ കാര്യം പത്രങ്ങളിൽ വന്നിട്ടില്ലേ; കൽക്കരി കുംഭകോണത്തിൽ സി.ബി.ഐ. ശ്രീ. മൻമോഹൻ സിംഗിനെയും ചോദ്യം ചെയ്യാൻപോകുകയാണ്. ഭാഗ്യവാനായ ശ്രീ. ഉമ്മൻ ചാണ്ടിയേയും കാത്തിരിക്കുന്നത് ഈ വിധിയാണെന്ന് ഓർക്കണം. ശ്രീ. കെ. എം. മാണിക്കെതിരായ കോഴക്കേസ് ഒതുക്കാൻ അഡ്വക്കേറ്റ് ജനറൽ ആറുതവണ അന്വേഷണ ഉദ്യോഗസ്ഥൻമാരെ വിളിച്ചുവരുത്തി ചർച്ച ചെയ്ത വാർത്ത പുറത്തുവന്നിരിക്കുകയാണ്. ഇതിന്റെ രേഖകളും

പുറത്തുവന്നിട്ടുണ്ട്. ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ എ.ജി. അഴിമതി കേസ്സുകളിൽ നേരിട്ട് ഇടപെടുന്നതിന്റെ തെളിവുകളാണ് ഇന്ന് മാതൃഭൂമി പത്രം പുറത്തുകൊണ്ടുവന്നിട്ടുള്ളത്. സ്വന്തം പദവിയുടെ മഹത്വമറിയാതെ ഇത്തരം കളികൾ നടത്തുന്ന ഒരാളെ എ.ജി.-യായി തുടരാൻ അനുവദിക്കാമോ? ഇതൊക്കെ ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഭൂഷണമായിരിക്കും, ചക്കിക്കൊത്ത ചങ്കരൻ. പക്ഷേ ഇത് നാണക്കേടാണ്. അതുകൊണ്ട് എ.ജി.-യെ ആ സ്ഥാനത്തുനിന്ന് മാറ്റാൻ സർക്കാർ തയ്യാറാകണം. ബാർക്കോഴയിലും മദ്യത്തിലും മുങ്ങിത്താഴ്ന്ന സർക്കാരിന്റെ ദുഷ്ചെയ്തികൾ പുറംലോകം അറിയരുതെന്ന് നിങ്ങൾക്ക് നിർബന്ധമുണ്ടാകും. അതുകൊണ്ടാണല്ലോ സഭ നിർത്തിവച്ച് ഈ അടിയന്തര പ്രമേയം ചർച്ച ചെയ്യാൻ നിങ്ങൾ അനുമതി നിഷേധിച്ചത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് അതീവഗുരുതരമായ പ്രശ്നങ്ങളാണ് സഭയിൽ ഉന്നയിച്ചത്. അതിനൊന്നും മറുപടി പറയാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ

തയ്യാറായില്ല. ഇവിടെ എന്ത് നയമാണ് സ്വീകരിക്കുന്നത്? ഇവിടത്തെ മറുപടിയെല്ലാം കേട്ടാൽ നിങ്ങൾ മെല്ലെ മെല്ലെ നടപ്പിലാക്കാൻ പോകുന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ മദ്യവർജ്ജനമെന്ന നയംതന്നെയാണ്. അത് അംഗീകരി ക്കുന്നതിന് എന്താണ് തടസ്സം? ഞങ്ങൾ നടപ്പിലാക്കുന്നത് മദ്യവർജ്ജന മാണ്, മദ്യനിരോധനമല്ല, മദ്യനിരോധനമാണെന്ന് പറഞ്ഞതിനുശേഷം അതിന് വ്യവസ്ഥ വയ്ക്കുകയാണ്. എന്തിനാണ് വ്യവസ്ഥ വയ്ക്കുന്നത്? ശ്രീ. എ. കെ. ആന്റണി ചെയ്ത ഒരു എക്സിക്യൂട്ടീവ് ഓർഡറിൽ ചാരായം മുഴുവൻ നിരോധിച്ചതുപോലെ അങ്ങനെയൊരു ഉത്തരവിറക്കാൻ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് കഴിയുമോ? ഇവിടെ മദ്യനിരോധനമാണ്, complete prohibited area എന്നുള്ള ഒരു തീരുമാനമെടുക്കാൻ ആരാണ് തടസ്സം നിൽക്കുന്നത്, എന്താണ് തടസ്സം? അതുതന്നെയല്ലേ രാജ്യത്ത് കൊട്ടത്തിരിക്കുന്ന മുദ്രാവാക്യം. കെ.പി.സി.സി. പ്രസിഡന്റിന്റെ ജനപക്ഷയാത്രയിലുടനീളം ഉയർത്തിയത് ഞങ്ങളുടെ ഗവൺമെന്റ് കേരളത്തെ മദ്യവിമുക്തമാക്കാൻ പോകുകയാണെന്നാണ്. എവിടെയാണ് മദ്യവിമുക്തമാക്കിയത്; ബഹുമാനപ്പെട്ട മന്ത്രി കെ. ബാബു പറഞ്ഞത് എന്താണ്? നിങ്ങൾ അധികാരത്തിൽവന്നിട്ട് ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കേണ്ട ആളുകൾ 60 പുതിയ ബാർ

ലൈസൻസ് കൊടുത്തു. എൽ.ഡി.എഫ്. അതിനേക്കാൾ കൂടുതൽ കൊടുത്തുവെന്ന് പറഞ്ഞാണ് നിങ്ങൾ അതിനെ ന്യായീകരിക്കുന്നത്. ഞങ്ങൾ എൽ.ഡി.എഫ്.-ന്റെ കാലത്ത് മദ്യനിരോധനം പറഞ്ഞിട്ടേയില്ല. സമ്പൂർണ്ണ മദ്യനിരോധനം ഞങ്ങളുടെ മുന്നിലില്ല. നിങ്ങൾ ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് വായിച്ചു. അതിൽ നിങ്ങൾക്ക് താൽപ്പര്യമുള്ള വാചകം മാത്രം വായിച്ചു. ആ റിപ്പോർട്ടിൽ മദ്യനിരോധനം ഒരിടത്തും പറയുന്നില്ല.

അതിൽ പറഞ്ഞിരിക്കുന്നത് കള്ളുഷാപ്പുകൾ എങ്ങനെ നടത്തണമെന്നാണ്. ബഹുമാനപ്പെട്ട ബാബു, നിങ്ങളൊക്കെ കള്ളുചെത്തിന്റെ നാട്ടിലുള്ള ആൾക്കാരല്ലേ; ഈ കേരളത്തിന്റെ പശ്ചാത്തലത്തിൽ കള്ളുചെത്ത് വ്യവസായം പ്രോത്സാഹിപ്പിച്ച്, ആ തൊഴിലാളികളെ പുനരധിവസിപ്പി ക്കാൻ, ആ വ്യവസായം തിരിച്ചുകൊണ്ടുവരാൻ നിങ്ങൾ ഒരു നടപടിയും എടുക്കുന്നില്ല. നിങ്ങൾ ഈ ബാർ ലൈസൻസ് കൊടുക്കുന്നതിന് കോഴ വാങ്ങിയോ; കോഴ വാങ്ങാൻ കഴിയാത്തത് ആരാണ്, ചെത്തുത്തൊഴിലാളി കളിൽനിന്ന് കോഴ വാങ്ങാൻ കഴിയില്ല. അതുകൊണ്ട് യഥാർത്ഥത്തിൽ കേരളത്തിലെ ഒരു വലിയ ലോബിയായ മദ്യലോബിക്ക്, അബ്കാരി ലോബിക്ക്, ലൈസൻസ് ലോബിക്ക് നിങ്ങൾ കീഴടങ്ങുകയാണ് ചെയ്തത്. അവരാണ് ഇപ്പോൾ നിങ്ങളുടെ നയം തീരുമാനിക്കുന്നത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവന ഇന്നലെയും ഒരു ചാനലിൽ ഞാൻ കണ്ടു. പൂട്ടിയ ഒരു ഷാപ്പും തുറക്കില്ല, 418 തുറക്കില്ല, 312 തുറക്കില്ല, ഒരു ലൈസൻസും കൊടുക്കില്ല. പൂട്ടിയ ഒരു ഷാപ്പിനും ബാർ ലൈസൻസ് കൊടുക്കില്ല എന്നാവർത്തിച്ച് പറഞ്ഞു. ഇപ്പോൾ എന്താണ് പറയുന്നത്? ഇപ്പോഴാണ് അദ്ദേഹത്തിന് മനസ്സിലായത് ഇവിടെ ടൂറിസമുണ്ട്, ഇവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് കുടിക്കണം. ടൂറിസ്റ്റുകളെല്ലാവരും കുടിക്കാൻ വരുന്നവരാണോ? ഞങ്ങൾ പറഞ്ഞിട്ടാണോ നിങ്ങൾ ഞായറാഴ്ച ബാറുകൾ അടച്ചത്? ഞങ്ങൾ പറഞ്ഞില്ലല്ലോ; നിങ്ങൾ അടച്ചു. നിങ്ങൾ ഇപ്പോൾ അടച്ചത് തുറക്കില്ല എന്നു പറയാമോ? ഞായറാഴ്ച ഡ്രൈ ഡേ അല്ല എന്ന് നിങ്ങൾക്ക് പ്രഖ്യാപിക്കാമോ? കഴിയില്ല നിങ്ങൾക്ക്, നിങ്ങൾ അതിനെക്കുറിച്ച് പ്രായോഗികമായി ആലോചിക്കുകയാണ്. ഈ ബാർ ലൈസൻസ് എങ്ങനെ വേണമെന്നുള്ളത് നിങ്ങൾ ആലോചിക്കുകയാണ്. ഞാൻ വളരെ ന്യായമായ ഒരു കാര്യം അദ്ദേഹത്തിനോടു ചോദിച്ചു. ഈ നിയമസഭയിൽ ചർച്ച ചെയ്യുമ്പോൾ നിങ്ങൾക്ക് പറയാൻ കഴിയുമോ; വൈനിനും ബിയറിനും ലൈസൻസ് പുതുതായി കൊടുക്കില്ല എന്ന് പറയാമോ; 418 തുറക്കാൻ കഴിയാത്ത, പുതുക്കാൻ കഴിയാത്ത, ബാർ ലൈസൻസുകൾ ഉണ്ടെന്ന് പറയുന്ന ആളുകൾക്ക് നിങ്ങൾ ഇത് കൊടുക്കാൻ പോകുകയാണ്. നിങ്ങൾ ഈ കോഴ കേസ് ഒതുക്കിയത്

എങ്ങനെയാണ്? എന്താണ് നിങ്ങൾക്ക് മറുപടി പറയാനുള്ളത്? കേസ് കോടതിയിൽ കിടക്കുകയല്ലേ; അത് ഇതുമായി ബന്ധപ്പെട്ടതല്ലേ? നിങ്ങളുടെ അബ്കാരിനയം അഴിമതിക്കുവേണ്ടിയുള്ള ഉറവിടങ്ങളുണ്ടാക്കി. അതാണ് നിങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രയാസമുള്ളത്. ഇങ്ങനെയുള്ള അഴിമതി അവസാനിപ്പിക്കണമെങ്കിൽ ഈ ബാർ ലൈസൻസുകൾ ഇനി പുതുക്കി കൊടുക്കില്ല എന്ന് പറയാൻ സാധിക്കുമോ? പ്രിയപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ, നിങ്ങളാണല്ലോ മദ്യ നിരോധനത്തിന് ശക്തമായ വാദിച്ച വ്യക്തി. ഇന്ന് ആ മദ്യനിരോധനം ഉണ്ടോ? നാളെ ഉണ്ടാവുമോ? നടപ്പിലാക്കാൻ പറ്റുമോ? ഘട്ടംഘട്ടമായി എന്നാണ് നിങ്ങൾ പറഞ്ഞത്. ഇപ്പോൾ നാലുകൊല്ലമായി. ഇനി ഏത് ഘട്ടമാണ് നിങ്ങൾക്ക് തരണം ചെയ്യേണ്ടത്? ഇനി ഈ തെരഞ്ഞെടുപ്പിൽ വരാൻപോകുന്നത് ആകെ ഒരു കൊല്ലമാണ്. അപ്പോൾ എല്ലാ ഘട്ടവും തീർന്നു. 60 പുതിയ ലൈസൻസുകൾ കൊടുത്തു. യാതൊന്നും പുതിയതായി ചെയ്യുന്നില്ല. ക്ലബ്ബുകളൊന്നും നിരോധിച്ചിട്ടില്ല. ഇവിടെ മദ്യം ഇഷ്ടംപോലെയുണ്ട്, മദ്യം ഒഴുകുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തെക്കുറിച്ച് എനിക്ക് അറിയാം. ബഹുമാനപ്പെട്ട ബാബു, കേരളത്തിൽ സ്പിരിറ്റും കള്ളചാരായവും ഒഴുകുന്നത് നിങ്ങൾ കാണുന്നില്ലേ? ഈ രാജ്യത്ത് എന്തെല്ലാമാണ് നടക്കുന്നത്? അപ്രായോഗികമായ പ്രഖ്യാപനം

നടത്തിയത് നിങ്ങളാണ്. നിങ്ങൾ അത് പിൻവലിക്കുന്നതിനു പകരം എന്തിനുവേണ്ടിയാണ് പ്രഖ്യാപിച്ചത്? ഈ ബാർ ലൈസൻസുകാർ വരാൻ നിങ്ങളത് പൂട്ടി. ഹോട്ടൽ നടത്തുന്നവർക്ക് ലൈസൻസ് വേണം. ഇതെല്ലാം എല്ലാവർക്കുമറിയാം. ബാർ ലൈസൻസുള്ളവർ ഇല്ലേ ഈ കേരളത്തിൽ; അവരുമായി ബന്ധങ്ങളില്ലേ? എല്ലാവർക്കുമുണ്ട്. പൂട്ടിയപ്പോൾ വരേണ്ട വഴിക്ക് വന്നതാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് നേരിട്ട ഏറ്റവും ലജ്ജാകരമായ അഴിമതിയാരോപണം. അതിന് വേറെ കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് തൊഴിലാളികൾക്കു വേണ്ടി വല്ലാതെ വേദനിച്ചു. നല്ല കാര്യമാണ്, ഞാനതിനോട് യോജിക്കുന്നു. പത്ത് തൊഴിലാളികൾ ആത്മഹത്യ ചെയ്തതിൽ നൊമ്പരപ്പെടുന്നു എന്ന് അദ്ദേഹം പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ കിട്ടാതെ 13 ആളുകൾ ആത്മഹത്യ ചെയ്തു. ആരാണ് അതിന് ഉത്തരവാദി? ശമ്പളം കിട്ടാത്ത ഒരു അദ്ധ്യാപകൻ ഇന്നു രാവിലെ ആത്മഹത്യ ചെയ്തു. ആത്മഹത്യ ചെയ്യുന്നതിന്റെ തണലിൽ ബാർ ലൈസൻസുകൾ പുതുക്കി കൊടുക്കാനും കോഴവാങ്ങിയത് തിരിച്ചു കൊടുക്കാതിരിക്കാനും.... വാങ്ങിയത് തിരിച്ചു കൊടുത്ത് ഇടപാട് തീർക്കുന്നതാണ് നല്ലത്. അതിനുവേണ്ടി ബന്ധപ്പെട്ട

ആളുകൾ ഇടപെടണം.  അല്ലാതെ ഈ കേസ് തീരുകയില്ല. ഞങ്ങളെ വേണമെങ്കിൽ നിശബ്ദരാക്കാം. എന്തെല്ലാം കാര്യങ്ങൾ പറഞ്ഞാലും.......

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിൽ തൊഴിലാളികളുടെ ഈ അവസ്ഥ പരിഗണിക്കേണ്ടതില്ല എന്നുള്ളതാണോ അഭിപ്രായം. സി.പി.ഐ.(എം) എന്ന രാഷ്ട്രീയപാർട്ടിയുടെ അഭിപ്രായം അങ്ങനെയാണോ എന്നറിഞ്ഞാൽ കൊള്ളാമായിരുന്നു.

ശ്രീ. സി. ദിവാകരൻ : ശ്രീ. ഷിബു ബേബി ജോൺ-ന് ഒരുപാട് ബുദ്ധിമുട്ടുണ്ടെന്ന് എനിക്കറിയാം.  ഞാൻ പറഞ്ഞത് അങ്ങ് നല്ല രീതിയിൽ മനസ്സിലാക്കാനുള്ള ഒരു പ്രയാസം ഉള്ളതുപോലെ തോന്നുന്നു. ആ തൊഴിലാളിയെപോലെതന്നെയാണ് ആത്മഹത്യ ചെയ്ത തൊഴിലാളികളും. തൊഴിലാളികളുടെ താല്പര്യത്തിനുവേണ്ടി... അങ്ങയുടെ കാലത്താണല്ലോ ഇതെല്ലാം ഇവിടെ നടക്കുന്നത്. അങ്ങ് തൊഴിൽ വകുപ്പുമന്ത്രി ആയപ്പോഴാണ് തൊഴിലാളികൾ കൂട്ട ആത്മഹത്യ ചെയ്തത്, എന്നിട്ട് ആ തൊഴിലാളിയാണോ ഈ തൊഴിലാളിയാണോ എന്നാണോ ചോദിക്കുന്നത്; അത് അദ്ധ്യാപക രായാലും ഏത് തൊഴിലാളി ആയാലും തൊഴിലാളി വർഗ്ഗമാണ്, അവൻ ജീവിക്കാൻ

നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്തപ്പോൾ മറുചോദ്യമാണ് ചോദിക്കുന്നത്. സി.പി.ഐ.-യുടെ രാഷ്ട്രീയ പാരമ്പര്യം ചോദിക്കാനുള്ള പ്രായം ബഹുമാനപ്പെട്ട മന്ത്രിക്ക് ആയില്ല.

ശ്രീ. ഷിബു ബേബി ജോൺ : സർ, പ്രായത്തിന്റെ ഒരു തർക്കത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എന്തായാലും എന്റെ പാർട്ടി ചവറയിലേയ്ക്കുമാത്രം എന്റെ പ്രവർത്തനമേഖല ഒതുക്കിയിട്ടില്ല. അതുകൊണ്ട് ഞാൻ എല്ലായിടത്തും പ്രവർത്തിക്കുന്നുണ്ട് എന്നുള്ളത് മാത്രം പറയുന്നു.

ശ്രീ. സി. ദിവാകരൻ : സർ, ശ്രീ. ഷിബുവിനേക്കാൾ സീനിയറായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഞങ്ങളുടെ പാർട്ടിയെ ആക്ഷേപിച്ചു. വ്യക്തിപരമായി നിങ്ങൾക്ക് എന്നെക്കുറിച്ച് എന്തുവേണമെങ്കിലും പറയാം.

ശ്രീ. കോവൂർ കുഞ്ഞുമോൻ : മദ്യനയത്തെക്കുറിച്ചല്ലേ ചർച്ച ചെയ്യുന്നത്; കെ.എസ്.ആർ.ടി.സി. അല്ലല്ലോ; അതിനെ സംബന്ധിക്കുന്ന ഒരു പ്രത്യേക അടിയന്തരപ്രമേയം കൊണ്ടുവന്നുകൂടേ?

ശ്രീ. സി. ദിവാകരൻ : സർ, അതിനെപ്പറ്റി ആലോചിക്കാം. ഞാൻ വ്യക്തിപരമായി രാഷ്ട്രീയത്തിൽ ഒരാളെയും ആക്ഷേപിക്കുന്ന ആളല്ല. താങ്കളുടെ പാർട്ടിയെക്കുറിച്ച് ഒന്നും പറയാനില്ല എന്നാണോ താങ്കൾ വിചാരിക്കുന്നത്; ഓരോ

രാഷ്ട്രീയപാർട്ടിയുടെയും ആഭ്യന്തര പ്രശ്നങ്ങൾ, സംഘടനാ പ്രശ്നങ്ങൾ പലതും ഉണ്ടാകും. ബേബി ജോൺ സാർ എങ്ങനെയാണ് പോയത്; ഞാൻ ചരിത്രങ്ങളെല്ലാം പറയട്ടെ; ഞാനതൊന്നും പറയില്ല. രാഷ്ട്രീയമായി വ്യക്തിപരമായ യാതൊരു ആക്ഷേപവും പറയാൻ ഞാൻ തയ്യാറല്ല. ഇന്നലെ പ്രിയപ്പെട്ട സണ്ണി ജോസഫ് പറഞ്ഞതിനെക്കുറിച്ച് ഞാൻ ചിന്തിക്കുകയാണ്. എന്താണ് സണ്ണി ജോസഫിനെപ്പോലുള്ളവർ ഇങ്ങനെയായിപ്പോയത്? നിങ്ങൾക്ക് ആരോ കോഴ കൊടുത്തു. കോഴ കൊടുത്തവർക്ക് ഒരു കുഴപ്പവുമില്ല. വാങ്ങിയവർക്കും കുഴപ്പമില്ല. അതുപറഞ്ഞുപോയ എന്റെ നേരെ എന്തിനാണ് അധിക്ഷേപിക്കുന്നത്?

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ,........

<u>ശ്രീ. സി. ദിവാകരൻ</u> : ഞാൻ വഴങ്ങുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ, പത്തു മിനിട്ടായി.

<u>ശ്രീ. സി. ദിവാകരൻ</u> :ഇതൊക്കെ പറയുമ്പോൾ ആലോചിക്കണം. സബ്ജക്ടുമായി ബന്ധമില്ലാത്ത, അനാവശ്യങ്ങൾ നിയമസഭയിൽ പറയാൻ യാതൊരു ലൈസൻസും നിങ്ങൾക്കില്ല. നിങ്ങളുടെ ഗവൺമെന്റ്, നിങ്ങളുടെ വിജിലൻസ്, നിങ്ങളുടെ പോലീസ് നടത്തിയ അന്വേഷണത്തിന്റെ ഞെട്ടിപ്പിക്കുന്ന കഥയാണ്

ഞാൻ പറയുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പത്തു മിനിട്ടായി.

<u>ശ്രീ. സി. ദിവാകരൻ</u> : അതുകൊണ്ട് തൊഴിലാളികൾ ആര് ആത്മഹത്യ ചെയ്താലും അവരുടെ പ്രശ്നം ഒന്നായി കാണണം. 'സർവ്വരാജ്യ തൊഴിലാളികളെ' എന്നാണ് മുദ്രാവാക്യം. അതുകൊണ്ട് ഇവിടെ മത്സ്യത്തൊഴിലാളിയായാലും ട്രാൻസ്പോർട്ട് തൊഴിലാളിയായാലും അദ്ധ്യാപകരായാലും ജോലി നഷ്ടപ്പെട്ട് ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്നവരെ പുനരധിവസിപ്പിക്കണം. അതാണ് തൊഴിൽവകുപ്പിന്റെ ജോലി. ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഇവർ നടപ്പിലാക്കിയിട്ടില്ല. ഉദയഭാനു കമ്മീഷൻ റിപ്പേർട്ട് ഇവർ നടപ്പിലാക്കിയിട്ടില്ല. ഷാപ്പുകൾ പുതിയതായി ഇവർ അനുവദിച്ചു. ഷാപ്പിൽ മദ്യത്തിന്റെ കച്ചവടം കൂടിയിട്ടുണ്ട്. മദ്യത്തിന്റെ ലാഭം വർദ്ധിച്ചിട്ടുണ്ട്. മദ്യനിരോധനം എന്ന് ഇവർ പറയുന്നത് കാപട്യമാണ്. ഇവിടെ പ്രതിപക്ഷവുമായി ചർച്ച ചെയ്യേണ്ട ഒരു വിഷയം ചർച്ച ചെയ്യുന്നില്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ സമ്മതിയ്ക്കാത്ത, ജനാധിപത്യ വിരുദ്ധമായ ഈ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തി.)

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി മറുപടി പറയാൻ ആരംഭിച്ചതുതന്നെ, ഈ സഭാ സമ്മേളനം തുടങ്ങിയതിനുശേഷം അടിയന്തരപ്രമേയമായും മറ്റും നിരവധി തവണ മറുപടി പറഞ്ഞ ഒരു വിഷയമാണ് ഇത് എന്നുപറഞ്ഞുകൊണ്ടാണ്. നിരവധി തവണ മറുപടി പറഞ്ഞു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടും ഈ വിഷയം അടിയന്തരപ്രമേയമായിത്തന്നെ സഭയിൽ അനുവദിക്കാൻ അങ്ങ് കാണിച്ച ഉന്നതമായ ജനാധിപത്യബോധത്തിനുമുന്നിൽ ഞാൻ തലകുനിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നയത്തിലുണ്ടായ അടിസ്ഥാനപരമായ ചില പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞു. കേരളത്തിലെ മുഖ്യമന്ത്രി രാഷ്ട്രീയ വിശകലനം നടത്തുമ്പോഴും, അനുഭവ പരിചയംകൊണ്ട് പ്രായോഗിക പരിചയമുള്ള ഒരു ജനനേതാവായിട്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയെ കേരളത്തിലെ ജനങ്ങൾ കാണുന്നത്. നയങ്ങൾ പ്രഖ്യാപിച്ചപ്പോൾ പ്രായോഗികമായുണ്ടാകുന്ന പ്രശ്നങ്ങൾ മുൻകൂട്ടി കാണാൻ അദ്ദേഹത്തിന് കഴിഞ്ഞില്ലായെന്ന് പറഞ്ഞാൽ ഒരു ശരാശരി കേരളീയൻ വിശ്വസിക്കുകയില്ല. സാമ്പത്തികനഷ്ടം പരിഗണിക്കുന്നേയില്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ആ സാമ്പത്തികനഷ്ടം, ഉണ്ടാകാൻ പോകുന്ന

നഷ്ടമാണ് 7 ഓർഡിനൻസിലൂടെ 2000 കോടി രൂപയായി സാധാരണക്കാരന്റെ തലയിൽ അടിച്ചേൽപ്പിച്ചത്. തൊഴിലാളികളുടെ ആത്മഹത്യ ഗൗരവമായെടുക്കുന്നു എന്നുപറഞ്ഞതിനെ ഞങ്ങൾ സ്വീകരിക്കുന്നു. പക്ഷെ തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ മുൻകൂട്ടി കാണാൻ ഈ ഗവൺമെന്റിന് കഴിയാതിരുന്നത് എന്തുകൊണ്ടാണ്; ടൂറിസം മേഖലയിലെ തിരിച്ചടി, അതിനോട് ഞങ്ങൾക്ക് പ്രതിഷേധമുണ്ട്. അത് ടൂറിസ്റ്റുകളെ അപമാനിക്കുന്ന രീതിയിലുള്ള വിലയിരുത്തലാണ്. ടൂറിസ്റ്റുകൾ കേരളത്തിൽ വരുന്നത് കുടിച്ച് കൂത്താടാനാണോ; കുടിച്ചു കൂത്താടാൻ വേറെ എവിടെയും പോകാം. കേരളത്തിന്റെ പ്രകൃതി സൗന്ദര്യം ആസ്വദിക്കാനാണ് ടൂറിസ്റ്റുകൾ വരുന്നത്. അവരെ ആക്ഷേപിക്കരുത്. അതുകൊണ്ട് ടൂറിസം മേഖലയിലെ പ്രതിസന്ധി എന്നുപറഞ്ഞ് ഈ നയത്തെ മാറ്റണ്ട. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി മറുപടി പറഞ്ഞതിന്റെ ടെക്സ്റ്റ് ഒന്നുപരിശോധിക്കണമെന്ന് എനിക്ക് താൽപ്പര്യമുണ്ട്. എത്ര തവണ അദ്ദേഹം അടിസ്ഥാനനയം എന്ന വാക്കുപയോഗിച്ചു. അടിസ്ഥാനനയം എന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഘട്ടംഘട്ടമായുള്ള മദ്യനിരോധനം എന്നതാണ് അടിസ്ഥാനനയം എന്നാണല്ലോ പറയുന്നത്. പക്ഷെ ഞങ്ങൾ ആക്ഷേപം ഉന്നയിക്കുന്നത് അതല്ല, എൽ.ഡി.എഫ്-ന്റെ നയം ശ്രീ. കോടിയേരി

ബാലകൃഷ്ണൻ പറഞ്ഞു. ഞങ്ങൾ ചെറിയൊരു ഘടകകക്ഷി ആയിരിക്കാം. ഞങ്ങൾക്ക് വ്യത്യസ്തമായ നയമുണ്ട്. മദ്യനിരോധനത്തിലേയ്ക്ക് സംസ്ഥാനം പടിപടിയായി എത്തണം എന്നാഗ്രഹിക്കുന്ന പാർട്ടിയാണ് ഞങ്ങളുടേത്. എത്ര അപ്രായോഗികമായ ഒരു സ്വപ്നമാണെങ്കിലും ഒരു മരീചികയാണെങ്കിലും അവിടേയ്ക്ക് ഈ സംസ്ഥാനം എത്തണമെന്നാഗ്രഹിക്കുന്ന ചെറിയൊരു പാർട്ടിയാണ്. അടിസ്ഥാനപരമായി ഇവർ പ്രഖ്യാപിച്ച നയത്തിൽ അല്ല ഇപ്പോൾ മാറ്റം വരുത്തിയിരിക്കുന്നത്. കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞ വാചകം ആവർത്തിക്കുകയാണ്. ഈ സർക്കാരിന്റെ മദ്യ നയം വളരെ ലളിതമാണ്. ആവർത്തിച്ച് പറയുന്നതിൽ ക്ഷമിക്കണം. 'ബാർ വേണമെങ്കിൽ കോഴ വേണം, കോഴ ഇല്ലെങ്കിൽ ബാറില്ല'- ഈ അടിസ്ഥാന നയത്തിൽ മാറ്റം വരുത്താൻ നിർബന്ധിതമായ സാഹചര്യം എന്താണ്; കോടീശ്വരനായ ഒരു മദ്യ മുതലാളി, ഈ മാസം 20 -ാം തീയതിക്കുശേഷം ബാർ കോഴക്കേസ്സിൽ മൊഴികൊടുക്കുമെന്ന ലക്ഷ്മണരേഖ വരച്ചുകൊണ്ടാണ് ഇവിടെ പറഞ്ഞ അടിസ്ഥാനനയത്തിൽ മാറ്റംവരുത്തി കോഴയില്ലെങ്കിലും ബാറുകൾ ആകാമെന്ന വ്യതിയാനത്തിൽ എത്തിച്ചേരാൻ സർക്കാരിനെ പ്രേരിപ്പിച്ചത് എന്നുള്ള സത്യം നിങ്ങൾ അംഗീകരിക്കണം. 15-ാം തീയതി യു.ഡി.എഫ് യോഗം ചേർന്നു. കേരളത്തിലെ

ഭരണത്തെ നിയന്ത്രിക്കുന്ന രാഷ്ട്രീയ സംവിധാനമാണല്ലോ യു.ഡി.എഫ്. കെ.പി.സി.സി. പ്രസിഡന്റ് നയം മാറ്റാൻ പാടില്ലെന്ന് പറഞ്ഞു, മുസ്ലീംലീഗ് നയം പറഞ്ഞു, കേരള കോൺഗ്രസ്സ് മൗനം പാലിച്ചു എന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്. അത് എന്തുമായിക്കോട്ടെ. യു.ഡി.എഫ്.-ലെ പ്രധാന കക്ഷിയായ മുസ്ലീംലീഗും കെ.പി.സി. സി. പ്രസിഡന്റും ആ നയം മാറ്റണമെന്ന് പറയാതിരിക്കുകയും അത് തുടരണമെന്നു പറഞ്ഞിട്ടും അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാതെ ആ വിഷയം ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വിട്ടുകൊടുത്തത് എന്തുകൊണ്ടാണ്; ഭരണ നടപടികൾ നടപ്പാക്കേണ്ടത് ക്യാബിനറ്റാണ്. പക്ഷെ രാഷ്ട്രീയ തീരുമാനങ്ങളെടുക്കേണ്ടത് രാഷ്ട്രീയ നേതൃത്വമാണ്. ആ രാഷ്ട്രീയ ഭരണനേതൃത്വത്തിന് നയപരമായ തീരുമാനമെടുക്കാൻ കഴിയാതെ അത് ഭരണരംഗത്തെ ക്യാബിനറ്റ് തീരുമാനിക്കണമെന്നുപറഞ്ഞാൽ ഇവരൊക്കെത്തന്നെയല്ലേ ക്യാബിനറ്റിലും ഇരിക്കുന്നത്. അപ്പോൾ ഇവർക്ക് എങ്ങനെ തീരുമാനിക്കാൻ കഴിയും. അക്കാര്യത്തിൽ ഒരു വ്യക്തത വരുത്താൻ ഇവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് ഒരു തരത്തിലും ഇപ്പോൾ ഈ നയം മാറ്റുന്നതിന് ഒരു സാധൂകരണം........... നയം പ്രായോഗികമാണോ അല്ലയോ എന്നുള്ളതല്ല. ഡോ. ബിജു രമേശ് ലക്ഷ്മണരേഖ വരച്ചതുകൊണ്ടുമാത്രമാണ് നയം

മാറ്റുന്നതെന്ന്  കേരളത്തിലെ ജനസമൂഹം തിരിച്ചറിയുന്നുണ്ട്. കോടതിയിൽ ഒരു കുറ്റപത്രം സമർപ്പിച്ചു കഴിഞ്ഞാൽ, ചാർജ്ഷീറ്റ് എത്തിക്കഴിഞ്ഞാൽ പ്രതിയോട് കുറ്റം ചെയ്തിട്ടുണ്ടോ എന്ന് ചോദിക്കും.  പ്രതി കുറ്റം ചെയ്തിട്ടില്ലായെന്നു പറഞ്ഞാൽ വിചാരണയിലേയ്ക്ക് പോകും.  ജനകീയ കോടതിയിൽ കുറ്റം ചെയ്തിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് സർക്കാർ ഉത്തരം പറഞ്ഞിരിക്കുന്നു;  കുറ്റം ചെയ്തിട്ടുണ്ട് എന്നു പറയുന്നതിനുള്ള  ഏറ്റവും വലിയ തെളിവാണ് ഈ  നയം മാറ്റം.  വളരെ ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യാൻ വൈമനസ്യം കാണിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട  അംഗങ്ങളും  സഭ വിട്ട് പുറത്തുപോയി).

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ,  ഇവിടെ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ പ്രായോഗികമായ പ്രയാസങ്ങളുണ്ട് എന്ന് കണ്ടെത്തിയതു കൊണ്ടാണ് ഇപ്പോൾ ചില പരിഷ്ക്കാരങ്ങളെക്കുറിച്ച് ക്യാബിനറ്റ് ആലോചിക്കു ന്നത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞത്.  ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല.  ഇത്തരത്തിൽ ദൂരവ്യാപകമായ ഫലം ഉളവാക്കുന്ന ഒരു നയം  സ്വീകരിക്കുമ്പോൾ പ്രായോഗിക പ്രശ്നത്തെക്കുറിച്ച് ചർച്ച

ചെയ്യാതെ അത്തരത്തിലൊരു നയം ഈ സർക്കാർ എങ്ങനെയാണ് നടപ്പിലാക്കുന്നത്; ഞങ്ങൾ ഇപ്പോഴും ആവശ്യപ്പെടുന്നത് അതാണ്. എന്തൊക്കെയോ മാറ്റങ്ങൾ വരുത്താൻ പോകുന്നു. ആ മാറ്റങ്ങൾ കേരളീയ സമൂഹത്തിൽ എന്തെല്ലാം ചലനങ്ങളാണ് ഇനി ഉണ്ടാക്കാൻ പോകുന്നത്; ഇപ്പോഴെങ്കിലും എല്ലാവരുമായി ചർച്ച ചെയ്യാനുള്ള സന്മനസ്സ് ഗവൺമെന്റ് കാണിക്കണ്ടേ; ഒരിക്കൽ പാളിച്ചകൾ പറ്റിയെന്ന് സമ്മതിച്ചല്ലോ. നാളെയും പാളിച്ചകൾ പറ്റാതിരിക്കണമെങ്കിൽ നയത്തിൽ വരുത്താൻ പോകുന്ന മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യണം. അങ്ങനെ ചർച്ച ചെയ്ത് ശരി-തെറ്റുകൾ കണ്ടെത്തണം. നിങ്ങൾ കാണാത്ത ചില പ്രശ്നങ്ങളുണ്ടായി എന്നുവരും. അതുപോലെ ഞങ്ങൾ കാണാത്ത പ്രശ്നങ്ങളും ഉണ്ടായെന്നുവരും. ആ പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്നാണല്ലോ ഞങ്ങൾ ആവശ്യപ്പെട്ടത്. അങ്ങനെ ആവശ്യപ്പെട്ടപ്പോൾ പ്രതിപക്ഷത്തിന് വിഷയദാരിദ്ര്യം എന്നാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത്. എല്ലാക്കാലത്തും പ്രതിപക്ഷം എന്താണ് ചെയ്തത്; അതാതുകാലത്ത് ജനങ്ങളുടെ മുമ്പിൽ വരുന്ന പ്രശ്നങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. ഈ പ്രശ്നമാണ് ഇപ്പോൾ ജനങ്ങൾക്കുമുമ്പിൽ വന്നിട്ടുള്ളത്. നിങ്ങൾ നടപ്പിലാക്കാൻ പോകുന്ന പരിഷ്കാരം ഇപ്പോൾ വന്നിട്ടുള്ള പ്രശ്നമാണ്.

അതൊരു പുതിയ വിഷയമാണ്. ആ വിഷയമാണ് പ്രതിപക്ഷം ഏറ്റെടുത്ത് സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. ഈ നയം മാറ്റത്തിൽ, കെ.പി.സി.സി. പ്രസിഡന്റിന്റെ പേര് ഇവിടെ പറയാൻ പാടില്ലെങ്കിൽ നിയമപരമായി നിങ്ങൾ ചോദിച്ചോളൂ. 'എന്റെ വിയോജിപ്പ് ഈ മിനിട്ട്സിൽ രേഖപ്പെടുത്തണം' എന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ അദ്ദേഹത്തിന്റെ വിയോജിപ്പ് മറികടന്നുകൊണ്ടും അദ്ദേഹത്തെ തള്ളിപ്പറഞ്ഞുകൊണ്ടും ഇങ്ങനെയൊരു നയം മാറ്റത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ക്യാബിനറ്റിനെ പ്രേരിപ്പിക്കുന്ന ചേതോവികാരം എന്താണ് എന്നുള്ളതാണ് ഞങ്ങളുടെ സംശയം. അദ്ദേഹത്തെക്കൂടി സമ്മതിപ്പിച്ചിട്ടുവേണ്ടേ ഞങ്ങളുടെ അടുത്ത് വരാൻ. അദ്ദേഹം വിയോജനം രേഖപ്പെടുത്തിയെന്ന വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പത്രക്കാരോട് പറയണമെന്ന് ആവശ്യപ്പെടുകയും മുഖ്യമന്ത്രി ഇക്കാര്യം പത്രക്കാരോട് പറയുകയും ചെയ്തല്ലോ. എന്നിട്ട് കെ.പി.സി.സി. പ്രസിഡന്റിന്റെ പിന്തുണയുണ്ട് എന്നുവരുത്തിത്തീർക്കാൻ ശ്രീ. എ.പി. ഉദയഭാനുവിന്റെ പിന്തുണയുണ്ട് എന്നുപറഞ്ഞ് രണ്ട് മുൻപ്രസിഡന്റുമാരെ അപമാനിക്കുക യല്ലേ നിങ്ങൾ ചെയ്തത്? രണ്ട് മുൻപ്രസിഡന്റുമാർ ഇവിടെ ഇരിക്കുകയല്ലേ; ഇതൊക്കെ കാണുമ്പോഴും കേൾക്കുമ്പോഴും സദുദ്ദേശ്യമാണ് ഇതിന്റെ പിന്നിലെന്ന് നാട്ടുകാർ എങ്ങനെയാണ് കരുതുന്നത്? ദുരുദ്ദേശ്യപരമായ

നീക്കങ്ങളാണ് ഇപ്പോൾ നടത്തുന്നത്. ആ ദുരുദ്ദേശ്യം ഒളിച്ചുവയ്ക്കാനുള്ള വ്യഗ്രതകൊണ്ടാണ് ഈ നയം ചർച്ച ചെയ്യാൻ സമ്മതിക്കാത്തത്. അങ്ങനെ ദുരുദ്ദേശ്യപരമായ നയംമാറ്റത്തിന് ശ്രമിക്കുന്ന സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി)